# പതിനഞ്ചാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

2021 ഓഗസ്റ്റ് 12, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--296]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 5152 മുതൽ 5254 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 5255 മുതൽ 5326 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 5327 മുതൽ 5390 വരെ |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | : 5391 മുതൽ 5447 വരെ |

**<u>പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിക്കായി ചെലവഴിച്ച തുക</u>**

5152 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനത്തിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

**<u>അങ്കമാലിയിലെ നികുതി വകുപ്പിന്റെ ഓഫീസ്</u>**

5153 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ നികുതി വകുപ്പിന്റെ (ചരക്കുസേവന നികുതി) ഏതെങ്കിലും ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഓഫീസാണെന്നും പ്രസ്തുത ഓഫീസിനായി പ്രതിമാസം വാടക ഇനത്തിൽ എത്ര രൂപയാണ് നൽകുന്നതെന്നും വിശദമാക്കാമോ;

(ബി) അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സൗകര്യം ഉണ്ടായിരുന്നിട്ടും അവിടേയ്ക്ക് കഴിഞ്ഞ അഞ്ച് വർഷമായി പ്രസ്തുത ഓഫീസ് മാറ്റാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് സ്ഥലം ആവശ്യപ്പെട്ട് നികുതി വകുപ്പ് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ</u>**

5154 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര സർക്കാർ ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയാണ് പ്രതിമാസം വാടക ഇനത്തിൽ ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

5155 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറക്കുന്നതിനായി ഈ സർക്കാർ ഇറക്കിയ ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറയ്ക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ?

## <u>സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം</u>

5156 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം വകുപ്പുകളിലാണ് ഇത് നടപ്പിലാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തി വരുന്ന വകുപ്പുകൾ, നടപ്പിൽ വരുത്താത്ത വകുപ്പുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്താത്ത വകുപ്പുകളുടെ മേധാവികൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തുവാൻ നിർദ്ദേശം നൽകുമോ?

## <u>പെട്രോൾ, ഡീസൽ വില വർദ്ധനവ്</u>

5157 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില വർദ്ധനവ് ഏതെല്ലാം രീതിയിൽ സമ്പദ്ഘടനയെ ബാധിയ്ക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) പെട്രോൾ, ഡീസൽ വില വർദ്ധനവ് ഭക്ഷ്യ വസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വിലക്കയറ്റത്തിന് ഇടവരുത്തുകയും തൊഴിൽ നഷ്ടത്തിന് കാരണമാവുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ</u>

5158 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങൾ 1982-ലെ കേന്ദ്ര ചിട്ടി നിയമപ്രകാരമാണോ ചിട്ടികൾ നടത്തുന്നതെന്ന് പരിശോധിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) 2020-21 സാമ്പത്തികവർഷത്തിൽ ചിട്ടി നടത്തുന്ന സ്ഥാപനങ്ങൾ കേരള സർക്കാരിലേക്ക് ഒടുക്കിയ കമ്മീഷൻ/ലാഭവിഹിതം എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ ചിട്ടി രജിസ്റ്റർ ചെയ്യുന്നത് പരിശോധിക്കാൻ ധനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇത്തരം സ്കീമുകളുടെ സല/ലാഭത്തിന്റെ അടിസ്ഥാനത്തിലാണോ സർക്കാരിലേക്ക് കമ്മീഷൻ ഒടുക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ചിട്ടികളാണോ അതോ ഡെപ്പോസിറ്റ് സ്കീമുകളാണോ എന്നറിയിക്കുമോ ?

## സാമ്പത്തിക പ്രതിസന്ധി

5159 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്ന രീതി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇപ്രകാരം മാറ്റി വച്ച പ്രധാന ചെലവിനങ്ങൾ എന്തൊക്കെയാണെന്നും അതിലൂടെ എത്ര കോടി രൂപയുടെ നേട്ടമുണ്ടായി എന്നും ഇനം തിരിച്ച് അറിയിക്കുമോ?

## കോവിഡ് വ്യാപനം മൂലം ദുരിതമനുഭവിക്കുന്നവർക്ക് പ്രത്യേക പാക്കേജ്

5160 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 വ്യാപനംമൂലം സംസ്ഥാനം ലോക്ഡൗണിലേക്ക് പോയ സാഹചര്യത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന വ്യാപാരികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തരത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ടാക്സി/മോട്ടോർ വാഹന ഉടമകൾക്കും തൊഴിലാളികൾക്കും പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

## വിദ്യാശ്രീ പദ്ധതി

5161 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാശ്രീ പദ്ധതിയിൽ കെ.എസ്.എഫ്.ഇ. എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## വിവിധ മേഖലയിലുള്ളവർക്ക് ക്ഷേമ പദ്ധതികൾ

5162 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മൂലം പ്രയാസമനുഭവിക്കുന്ന വിവിധ മേഖലയിലുള്ളവർക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കേന്ദ്രാവിഷ്കൃതപദ്ധതികളിലെ കേന്ദ്ര-സംസ്ഥാന വിഹിതം

5163 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃതപദ്ധതികളിൽ കേന്ദ്രവിഹിതം കുറയ്ക്കുകയും സംസ്ഥാനവിഹിതം വർദ്ധിപ്പിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന അധികബാധ്യതയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക

5164 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യകമ്മീഷൻ 2021-22 വർഷത്തിൽ ഗ്രാന്റിനത്തിൽ എത്ര കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്രകോടി രൂപയുടെ കുറവ് 2021-22 വർഷത്തിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ കുടിവെള്ളം, ശുചിത്വം എന്നിവയ്ക്കു പുറമേ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത

5165 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം പദ്ധതികളും പ്ലാനുകളും അനന്തമായി നീളുകയും പദ്ധതി ചെലവുകൾ ഉയരുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം നൽകുന്ന നടപടികൾക്ക് രൂപം നൽകുമോ;

(ബി) നിലവിലെ സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

5166 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റിൽ ആലത്തൂർ മണ്ഡലത്തിലേക്കായി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) അവയിൽ ഓരോ പദ്ധതിക്കും നീക്കിവച്ചിട്ടുള്ള തുകയുടെ വിശദവിവരം നൽകുമോ?

## <u>സംസ്ഥാനത്തിന്റെ പൊതുകടം</u>

5167 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്നും പൊതുകടം അടച്ചു തീർക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

## <u>വിദ്യാഭ്യാസ വായ്പ തിരിച്ചടവ്</u>

5168 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവിന് വേണ്ടി ബാങ്കുകളുമായി ചേർന്ന് സർക്കാർ നടപ്പിലാക്കിയ സഹായ പദ്ധതിക്ക് ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും 2020 ജനുവരി ഒന്നുമുതൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം അനുവദിച്ച തുക സഹിതം വ്യക്തമാക്കുമോ?

## <u>ആളോഹരി കടം</u>

5169 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം കുറയ്ക്കാനും അമിത ചെലവ് നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയം ഒരു കേരളീയന്റെ ശരാശരി ആളോഹരി കടം എത്രയെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കാമോ; അനിയന്ത്രിതമായ സർക്കാർ ചെലവുകൾ കാരണം പൊതുകടവും ആളോഹരി കടവും വർദ്ധിച്ചു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിന് നൽകിയ ബഡ്ജറ്റ് വിഹിതം</u>

5170 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും പൊതുമരാമത്ത് വകുപ്പിന് നൽകിയ ബഡ്ജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് ലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാകുന്നത് കിഫ്ബി ഒരു പാരലൽ പൊതുമരാമത്ത് വകുപ്പ് ആയി

പ്രവർത്തിക്കുന്നതിനാൽ ആണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

**<u>കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

5171 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

5172 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനിയും അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

5173 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തിയാക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

5174 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയിട്ടുള്ളതും ഇനി ഭരണാനുമതി നൽകേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

## മലപ്പുറം വനിത ആർട്സ് ആന്റ് സയൻസ് കോളേജ്

5175 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിത ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെയുള്ള പുരോഗതികൾ വെളിപ്പെടുത്തുമോ;

(ബി) എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ആയതിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുവാനും കെട്ടിടനിർമ്മാണ നടപടികൾ അടിയന്തരമായി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

## വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ പ്രവൃത്തി

5176 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ സ്ഥലം അടയാളപ്പെടുത്തുന്നതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സർവേയർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

## കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക

5177 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് പ്രത്യേകമായി നൽകാമോ?

## കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പുനരുദ്ധാരണം

5178 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിൽ എട്ടുവർഷത്തോളമായി പുനരുദ്ധാരണം നടത്താതിരുന്നതിനാൽ ഗതാഗതത്തിന് വളരെയധികം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പിന് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ റോഡ് കാലതാമസം കൂടാതെ ഗതാഗതയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ റെയിൽവേ ഓവർ ബ്രിഡ്ജ്

5179 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കാനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആയതിന് അനുവദിച്ച തുകയും നിർമ്മാണ സ്ഥലവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയും സാമ്പത്തിക സഹായവും ആവശ്യമുണ്ടോ;

(ഡി) എങ്കിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായുള്ള കരാർ എപ്രകാരമാണെന്ന് വിശദമാക്കാമോ?

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ പ്രവൃത്തികൾ

5180 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വിശദമാക്കാമോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഭരണാനുമതി നൽകുന്നതിനായി കിഫ്ബി പരിഗണിക്കുന്ന ഈ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; ഇവയ്ക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പാറശ്ശാല നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, അമരവിള-ശൂരവക്കാണി റോഡ്, പശുവണ്ണറ-അരുവിക്കര-കീഴാറൂർ റിംഗ് റോഡ്, കുടുവീട്ടുകടവ് എന്നീ പ്രവൃത്തികളുടെ തൽസ്ഥിതി അറിയിക്കാമോ?

## താലൂക്ക് ആശുപത്രികളുടെ സമഗ്ര വികസനം

5181 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളുടെ സമഗ്ര വികസനത്തിന് കിഫ്ബി ഫണ്ട് വിനിയോഗിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം താലൂക്ക് ആശുപത്രികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഓരോ ആശുപത്രിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ എസ്.പി.വി. എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

5182 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ സ്കൂളിനും വകയിരുത്തിയ തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ശ്രീകാര്യം,. ഉള്ളൂർ, പട്ടം മേൽപ്പാലങ്ങൾ

5183 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാല പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ നേരിടുന്ന കാലതാമസം വിശദീകരിക്കാമോ?

## മലമ്പുഴ കുടിവെള്ള പദ്ധതി

5184 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

5185 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 2017-18, 2018-19 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) മേൽ വർഷങ്ങളിൽ ടെൻഡർ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ധനകാര്യ നോഡൽ സെന്ററിൽ എം.എൽ.എ. നൽകിയ കുറിപ്പിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതുതായി എത്ര രൂപയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്നത് വ്യക്തമാക്കാമോ; ആയതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ടെൻഡർ സേവിംഗ്സ തുക എത്രയുണ്ടെന്ന് ധനകാര്യ വകുപ്പിൽ അറിയിക്കേണ്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

5186 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള ഓരോ പ്രവൃത്തികളിലും ടെണ്ടർ സേവിംഗ്സായി എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

5187 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ എവിടെയെല്ലാമാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര തുക വീതം ചെലവ് വരുമെന്നും വിശദമാക്കുമോ?

## ആസ്തി വികസന പദ്ധതി വെബ് പോർട്ടൽ

5188 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയുന്നതിനുവേണ്ടിയുള്ള ads2.kerala.gov.in എന്ന വെബ്പോർട്ടലിൽ മുൻവർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നതിന് നിലവിൽ സംവിധാനമില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ എം.എൽ.എ. മാരുടെ പേര് ചേർക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ചെയ്യാനുദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) പതിനാല്, പതിനഞ്ച് കേരള നിയമസഭകൾക്ക് വേണ്ടി പ്രത്യേകം എ.ഡി.എസ്. പോർട്ടൽ ഒരുക്കിയാൽ ഈ സാങ്കേതിക പ്രശ്നം പരിഹരിക്കാനാകുമോ;

(ഡി) മുൻവർഷങ്ങളിൽ എം.എൽ.എ. മാർ നിർദ്ദേശിച്ച ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന വിവരം അറിയുന്നതിന് എ.ഡി.എസ്. വെബ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) ads2.kerala.gov.in എന്ന വെബ് പോർട്ടലിൽ എം.എൽ.എ. മാരുടെ പേരുകൾക്ക് പകരം നിയോജക മണ്ഡലങ്ങളുടെ പേര് സെർച്ച് ഓപ്ഷനിൽ നൽകിയാൽ ഒറ്റ വെബ് പോർട്ടലിൽ തന്നെ തൻ വർഷത്തെയും മുൻ വർഷങ്ങളിലെയും പ്രവൃത്തികളുടെ പുരോഗതി അറിയാൻ കഴിയുന്നവിധം സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## എം.എൽ.എ.-എ.ഡി.എസ്. ഫണ്ട്

5189 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് 2021-22 വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് പുതിയ ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് 2021-22 ൽ നാല് കോടി രൂപ ആരോഗ്യ മേഖലയിൽ വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## പാറശ്ശാല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

5190 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് എസ്.ഡി.എഫ്., എ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേക്കായി എത്ര തുകവീതം വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയെ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നിയോജകമണ്ഡലം ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളിന്മേൽ ടെണ്ടർ സേവിംഗ്സ് എത്ര രൂപ ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ടെണ്ടർ സേവിംഗ്സ് വിനിയോഗിച്ച് പുതിയ പ്രവൃത്തി നിർദ്ദേശിക്കാൻ കഴിയുമോ; ആയതിന്റെ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാന ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ച കള്ളിക്കാട് ടൗൺഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താക്കെയാണെന്ന് അറിയിക്കാമോ;

(ഡി) 2016 മുതൽ 2021 വരെയുള്ള കാലയളവുകളിലെ സംസ്ഥാന ബജറ്റിൽ പാറശ്ശാല

മണ്ഡലത്തിൽ നിന്നും 20 ശതമാനം ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനി ഭരണാനുമതി ലഭ്യമാകാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അറിയിക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

5191 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ടതും അംഗീകാരം നല്കപ്പെട്ടതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ വർഷവും കൊടുത്തു തീർത്തതും കൊടുക്കുവാനുള്ളതുമായ തുക എത്രയാണ്;

(ഡി) എത്ര രൂപയുടെ പദ്ധതികൾ പ്രസ്തുത കാലയളവിൽ സമർപ്പിക്കപ്പെട്ടിട്ടില്ല എന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കാമോ?

## വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനാവാത്ത പ്രവൃത്തികൾ

5192 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എം.എൽ.എ. എ.ഡി.എസ്. പ്രകാരം 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നാളിതുവരെ കരാറുകാർ ഏറ്റെടുക്കാത്തത് മൂലവും മറ്റ് പ്രശ്നങ്ങൾ മൂലവും നടപ്പാക്കാനാവാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിർവ്വഹണ വകുപ്പുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

5193 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ സംബന്ധിച്ച പട്ടിക ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ.യുടെ

പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

5194 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-21 സാമ്പത്തിക വർഷം എം.എൽ.എ. യുടെ എസ്.ഡി.എഫ്. ൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും നിർവ്വഹണ വകുപ്പുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ നടപ്പാക്കാനാവാത്തവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**ഡിജിറ്റൽ കറൻസി സമ്പ്രദായം**

5195 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിൽ ഘട്ടം ഘട്ടമായി റിസർവ് ബാങ്ക് വഴി ഡിജിറ്റൽ കറൻസി സമ്പ്രദായം കേന്ദ്ര സർക്കാർ നടപ്പാക്കുന്നത് നമ്മുടെ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമ്പ്രദായം മൊത്ത-ചില്ലറ വ്യാപാര സ്ഥാപനങ്ങളെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിശദീകരിക്കുമോ;

(സി) ഈ സമ്പ്രദായം നടപ്പിലാക്കുന്നത് സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രതികൂലമായ സ്വാധീനമാണ് സൃഷ്ടിക്കുന്നതെങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ**

5196 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാത്തതിനാൽ തുടർഗഡുക്കൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സമയബന്ധിതമായി പൂർത്തീകരിക്കാൻ ധനകാര്യ വകുപ്പിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഭക്ഷ്യസുരക്ഷാ ഓഫീസർ**

5197 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

## എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

5198 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏകദേശം എഴുനൂറ്റി അമ്പത്തിയഞ്ചോളം വാഹനങ്ങളുള്ള എക്സൈസ് വകുപ്പിൽ നിലവിൽ ഇരുനൂറ്റി എഴുപത്തിയേഴ് ഡ്രൈവർ തസ്തികകൾ മാത്രമേ ഉള്ളൂ എന്നതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ഫയൽ അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ 2021 വർഷത്തെ ലീവ് സറണ്ടർ

5199 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഈ വർഷത്തെ ലീവ് സറണ്ടർ 2021 ജൂൺ മുതൽ അനുവദിക്കുമെന്നുള്ള ഉത്തരവ് ഉണ്ടായിരുന്നോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് പുതിയ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ലീവ് സറണ്ടർ മാറുന്നതിനായി ഉത്തരവ് ഉണ്ടായിട്ടും ജീവനക്കാർക്ക് അത് മാറാൻ സാധിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്താൻ നടപടി

5200 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ പി. ഡബ്ല്യു.ഡി., ഇറിഗേഷൻ, പഞ്ചായത്ത് മുതലായ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ സമാനയോഗ്യതയും ശമ്പളവുമുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെയും നാമകരണത്തിലും മാറ്റം വരുത്തുമോയെന്ന കാര്യം വ്യക്തമാക്കുമോ;

(സി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ പോലെ സമാന പ്രവൃത്തികൾ ചെയ്യുന്ന ഇറിഗേഷൻ, പഞ്ചായത്ത് വകുപ്പുകളിൽ അളവുകൾ എം-ബുക്കിൽ

രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേരും അവരുടെ അടിസ്ഥാന സാങ്കേതികയോഗ്യതകളും വിശദമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതി റിപ്പോർട്ട്

5201 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും പ്രധാന ശിപാർശകളും വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ സ്കീം പിൻവലിക്കുന്നതിൽ സമിതിയുടെ അഭിപ്രായം എന്തെന്നും കേന്ദ്ര സർക്കാർ അനുവദിച്ചതിന് പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് സമിതിയുടെ ശിപാർശകളിലുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിക്കുന്നത് സംബന്ധിച്ച ഫയലിന്റെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം വിശദമാക്കുമോ;

(ഡി) സമിതിയെ നിയമിച്ചതെന്നാണെന്നും എത്ര കാലം കൊണ്ടാണ് സമിതി നിയുക്ത പ്രവർത്തനം പൂർത്തിയാക്കിയതെന്നും സമിതിയുടെ പ്രവർത്തനപൂർത്തീകരണത്തിന് കാലതാമസമുണ്ടായോയെന്നും വിശദമാക്കുമോ;

(ഇ) സമിതിയുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ കാലവിളംബം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരം പരിഹരിക്കപ്പെടുമെന്നും സമിതി നിർദ്ദേശങ്ങളും ശിപാർശകളും അടിയന്തിരമായി നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ?

## ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം

5202 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 05.11.2020-ലെ ജി.ഒ.(പി) 152/2020/ധന പ്രകാരം പുറത്തിറങ്ങിയ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്പാർക്ക് സംവിധാനത്തിന്റെ പരിമിതികൾ

5203 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിന്റെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്പാർക്ക് ജീവനക്കാരെ ഫോണിലോ മെയിലിലോ മറ്റേത് മാർഗം മുഖേനയോ ആണ് ഓഫീസ് സമയത്ത് ബന്ധപ്പെടാൻ സാധിക്കുക എന്ന് വിശദമാക്കുമോ;

(സി) പരാതികളുമായി എത്തുന്ന ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്ന സ്പാർക്ക് ജീവനക്കാരെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും അവ എങ്ങനെ

പരിഹരിക്കുമെന്നും അറിയിക്കുമോ;

(ഡി) സ്പാർക്കിലേക്ക് അയക്കുന്ന മെയിൽ സന്ദേശങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര മെയിലുകൾക്ക് ഇനിയും മറുപടി നൽകാനുണ്ട് എന്നറിയിക്കുമോ;

(ഇ) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സൗഹാർദപരവുമാക്കി മാറ്റുന്നതിന് അടിയന്തരമായി ഇടപെടുമോ എന്ന് വ്യക്തമാക്കുമോ?

## എൻ.പി.എസ്. പുന:പരിശോധന റിപ്പോർട്ട്

5204 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ്. പുന:പരിശോധനാ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മെഡിസെപ് പദ്ധതി

5205 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതൊക്കെ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് പ്രൊപ്പോസലുകൾ നൽകിയിട്ടുള്ളത്; അറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര രൂപയാണ് വിഹിതമായി നൽകേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി

5206 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം എന്ന് മുതൽ ജീവനക്കാർക്ക് ലഭിച്ചു തുടങ്ങും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മെഡിസെപ്

5207 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## ജീവനക്കാരുടെ ബോണസും ഉത്സവ ബത്തയും

5208 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവ ബത്തയും നൽകാൻ കഴിയാത്തതുപോലെയുള്ള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോവിഡ് കാലത്ത് സേവന സന്നദ്ധരായി പ്രവർത്തിച്ച ആരോഗ്യവകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും കുടുംബ പെൻഷൻകാർ ഉൾപ്പടെയുള്ള പെൻഷൻകാർക്കും ബോണസും ഉത്സവ ബത്തയും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

## ആഡിറ്റ് ഒബ്ജെക്ഷൻ

5209 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി. യിൽ എ.ഐ.സി.റ്റി.ഇ./യുജിസി സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജെക്ഷൻ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജെക്ഷൻ ഉണ്ടായിട്ട് 2021 ജൂലൈ 15 വരെ എത്ര വർഷം, മാസം, ദിവസം എന്നറിയിക്കുമോ;

(സി) ആഡിറ്റ് ഒബ്ജെക്ഷനിൽ പറഞ്ഞിട്ടുള്ള എത്ര പേർക്ക് ശമ്പള ഇനത്തിൽ അധിക തുക നൽകിയതായി ആഡിറ്റ് ടീം റിപ്പോർട്ട് നല്കിയിട്ടുണ്ട്; ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ അധിക ശമ്പളം നൽകിയതും വാങ്ങിയതുമായ എത്ര പേർ നിലവിൽ സർവീസിലുണ്ടെന്നും എത്ര പേർ റിട്ടയർ ആയെന്നും അവരുടെ തസ്തിക സഹിതം വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

5210 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയും പി.എഫ്.ആർ.ഡി.എ. ബില്ലും തമ്മിലുള്ള ബന്ധം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നത് എന്നാണെന്നും പി.എഫ്.ആർ.ഡി.എ. ബിൽ പാസ്സായത് എന്നാണെന്നും അറിയിക്കാമോ?

## നാഷണൽ പെൻഷൻ സ്കീം

5211 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പെൻഷൻ സ്കീം പുനഃപരിശോധന സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പുനഃപരിശോധന സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ

സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

5212 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് അറിയിക്കുമോ?

## മാനന്തവാടി മണ്ഡലത്തിലെ പ്രവൃത്തികൾ

5213 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷത്തിൽ 20% ബജറ്റ് വിഹിതം നീക്കിവെച്ച മാനന്തവാടി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2020-21 സാമ്പത്തികവർഷത്തിൽ 20% ബജറ്റ് വിഹിതം നീക്കിവെച്ച മാനന്തവാടി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽപറഞ്ഞ രണ്ട് വർഷത്തെയും ഇത്തരം പദ്ധതികളുടെ ബജറ്റ് വാല്യം, ക്രമനമ്പർ എന്നിവ വ്യക്തമാക്കാമോ?

## 2020-21 ലെ ബഡ്ജറ്റ്

5214 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത്; 2021 മാർച്ച് 31 വരെ ഓരോ വകുപ്പിനും നീക്കിവെച്ച തുകയും ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ?

## തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാത

5215 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബജറ്റിൽ ഇരുന്നൂറ്റി അൻപതാം ഇനമായി പ്രഖ്യാപിച്ചതും പുതുതായി ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട റോഡ്-പാലം പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയതുമായ, തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

## സാമൂഹ്യസുരക്ഷ പെൻഷൻ

5216 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ പെൻഷൻ നൽകുന്നതിന് ഒരു മാസം സർക്കാരിന് എത്ര തുക

ചെലവാകും; വിശദാംശം ലഭ്യമാക്കാമോ?

## പ്രളയ സെസ്

5217 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയസെസ് നിർത്തലാക്കിയ സാഹചര്യത്തിൽ അത് ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## സി.എ.ജി. കണ്ടെത്തിയ നികുതി വെട്ടിപ്പുകൾ

5218 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20, 2020-21 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നികുതി ചോർച്ചയുടെയും ക്രമക്കേടുകളുടെയും എത്ര കുറ്റങ്ങൾ സി.എ.ജി. റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ പരിശോധനയ്ക്ക് വിധേയമാക്കി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്നും ഇത് മൂലം എത്ര രൂപയുടെ നികുതി ചോർച്ച കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) നികുതി വെട്ടിപ്പുകൾ തടയുന്നതിന് സോഫ്റ്റ്‌വെയർ പുതുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## പ്രളയ സെസ്

5219 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉല്പന്നങ്ങൾക്ക് എത്ര ശതമാനം വീതമാണ് പ്രളയ സെസ് ഏർപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിലൂടെ ലക്ഷ്യം വച്ചിരുന്ന തുകയേക്കാൾ കൂടുതൽ പിരിഞ്ഞു കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ലോക്ക്ഡൗൺ കാലയളവിലെ വേതനം

5220 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസ/കരാർ വേതനാടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന, ലോക്ക്ഡൗൺ കാലയളവിലെ വേതനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം ഏതെല്ലാം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമോയെന്ന്

വ്യക്തമാക്കുമോ?

## സഞ്ചയിക പദ്ധതി

5221 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; സഞ്ചയിക പദ്ധതി സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് നിലവിലുള്ളത്;

(ബി) എത്ര ശതമാനം വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ നിക്ഷേപം നടത്തുന്നുണ്ട്;

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് സാമ്പത്തിക വിദ്യാഭ്യാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## അക്രെഡിറ്റഡ് ഏജൻസികൾ

5222 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വരുത്തിക്കൊണ്ട് പ്രവൃത്തി ഏൽപ്പിക്കുന്നത് മൂലം പ്രവൃത്തി നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല പ്രവൃത്തികൾക്കും ടെൻഡർ എക്സസ് അനുവദിക്കുന്ന സമയത്ത് ഇത്തരത്തിൽ കുറഞ്ഞനിരക്കിൽ അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നത് മികച്ച അക്രെഡിറ്റഡ് ഏജൻസികളുടെ നിലനില്പിനെത്തന്നെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുതരത്തിൽ ഈ പ്രശ്നത്തെ പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ട്രഷറികളുടെ പുനരുദ്ധാരണം

5223 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പുനരുദ്ധാരണത്തിനും പുതിയവ നിർമ്മിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കാൻ ധനകാര്യവകുപ്പ് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയ ട്രഷറികളുടെ നിർമ്മാണത്തിന് മുന്നോടിയായി ഡി.പി.ആർ. തയ്യാറാക്കാൻ ധനവകുപ്പ് ഏജൻസികളെ നിശ്ചയിച്ച് ഉത്തരവിറക്കുമോ; വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ 2021-22 ലേക്കുള്ള ബജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. വകുപ്പിന്റെ മുൻ ബജറ്റിൽ തന്നെ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഏത് ഏജൻസി/വകുപ്പ്/എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ്

ഡി.പി.ആർ./എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത്; വിശദമാക്കാമോ?

## പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ച മാർഗ്ഗങ്ങൾ

5224 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ്, രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ ധീരമായി നേരിട്ട്, സാമ്പത്തിക അച്ചടക്കം പാലിക്കാൻ എന്തൊക്കെ നടപടികളായിരുന്നു സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അർഹമായി ലഭിക്കേണ്ട തുകയും ജി.എസ്.ടി. കുടിശ്ശികയും പെട്രോൾ അധിക നികുതി വിഹിതവും കൂടാതെ പ്രത്യേക സഹായ പദ്ധതിയും നേടിയെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം നടപടി

5225 **ശ്രീ . എൻ . ഷംസുദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മണി ലെന്റേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) മണി ലെന്റേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസില്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്ക് എതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## നാഷണൽ സേവിങ്ങ്സ് വിപുലീകരിക്കാൻ നടപടി

5226 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിങ്ങ്സിനെ വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; അറിയിക്കുമോ;

(ബി) നാഷണൽ സേവിങ്ങ്സിന്റെ പ്രവർത്തനം സാധാരണ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്പെടുവാൻ എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന സർക്കാരിലേയ്ക്ക് വന്നു ചേരേണ്ട നികുതികൾ

5227 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ സംസ്ഥാന സർക്കാരിലേയ്ക്ക് വന്നുചേരേണ്ട നികുതികൾ എത്രയായിരുന്നു; ഇതിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(ബി) 2016 ജനുവരി മുതൽ സ്റ്റേ ലഭിച്ച സ്ഥാപനങ്ങളും വ്യക്തികളും ഏതെല്ലാം; അറിയിക്കുമോ;

(സി) ഇവർ അടയ്ക്കേണ്ട തുകയും അടച്ച തുകയും എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) VAT വഴി എത്ര തുക പിരിഞ്ഞു കിട്ടേണ്ടതായിരുന്നുവെന്നും എത്ര തുകയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) 2021 ജനുവരി വരെ ധനകാര്യ വകുപ്പിലേയ്ക്ക് വിവിധ നികുതിയിനത്തിൽ ലഭിക്കേണ്ട തുക എത്രയായിരുന്നു; ഇതിൽ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്?

## ആംനെസ്റ്റി പദ്ധതി പ്രകാരമുള്ള നികുതി പിരിവ്

5228 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

## സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം

5229 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ് വ്യവസ്ഥയെ കോവിഡ് നിശ്ചലമാക്കിയതിനാൽ നികുതി, നികുതിയിതര വരുമാനം ഗണ്യമായി കുറയാൻ ഇടയാക്കിയപ്പോഴും റവന്യൂ ചെലവ് ഏറെ വർദ്ധിപ്പിക്കേണ്ടി വന്നിട്ടുണ്ടോ; കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം അറിവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുഖ്യ നികുതിയിതര റവന്യൂ സ്രോതസ്സായ സ്റ്റേറ്റ് ലോട്ടറി രംഗത്ത് ഇതര സംസ്ഥാന ലോട്ടറി തട്ടിപ്പുകാർ കടന്നുകയറാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. വിൽപന നികുതി ഉൾപ്പെടെ വിവിധ നികുതികളുടെ ചോർച്ച

തടയാനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി നികുതി പിരിവ് ചോർച്ചരഹിതമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ഡി) അനിവാര്യമായതൊഴികെയുള്ള സർക്കാർ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## സംസ്ഥാന ജി.എസ്.ടി. വരുമാനം

5230 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. യിൽ നിന്ന് സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. വഴി എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വാഹന മേഖലയിലെ പ്രതിസന്ധി ജി.എസ്.ടി. വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## നികുതി വെട്ടിപ്പ്

5231 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ജി.എസ്.ടി. റിട്ടേണുകൾ

5232 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തെ ലോക്ഡൗൺ മൂലം വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടന്നതിനാൽ ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകിയെങ്കിലും ഫ്ലഡ് സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിർത്തിവെയ്ക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക തിരിച്ച് നൽകുന്നതിനോ ഭാവിയിലുള്ള ജി.എസ്.ടി. യിൽ വകയിരുത്തുന്നതിനോ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) കോവിഡ് മൂലം പ്രതിസന്ധിയിലായ വ്യാപാരികളെ സഹായിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വാമനപുരം മണ്ഡലത്തിൽ ട്രഷറി ആരംഭിക്കാൻ നടപടി

5233 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡല പരിധിയിൽ ട്രഷറി ഇല്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ മണ്ഡലത്തിൽ ഒരു പുതിയ ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

5234 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സബ് ട്രഷറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ സബ് ട്രഷറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നേമത്ത് സബ് ട്രഷറി അനുവദിക്കാൻ നടപടി

5235 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമത്ത് നിർമ്മിക്കുന്ന സിവിൽ സ്റ്റേഷനിൽ സബ് ട്രഷറി അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മണലൂർ സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

5236 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ്ട്രഷറി ഓഫീസിന് മതിയായ സ്ഥലസൗകര്യങ്ങളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് കാരമുക്ക് ആയുർവേദ ആശുപത്രിയുടെ സമീപത്ത് നിർമ്മിക്കുന്നതിലേക്കായി മണലൂർ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) സൗകര്യപ്രദമായ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

## പയ്യന്നൂർ സബ് ട്രഷറിക്കായി പുതിയ കെട്ടിട നിർമ്മാണം

5237 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി പൂർത്തീകരിച്ച് പുതിയ കെട്ടിടം എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പറയാമോ;

(ഡി) നിർമ്മാണത്തിന് അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രവരെ നീട്ടി നൽകിയെന്ന് അറിയിക്കാമോ?

## കോതമംഗലത്ത് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ദൗർലഭ്യം

5238 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് നിലവിൽ ലൈസൻസുള്ള എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സ്റ്റാമ്പ് വെണ്ടർ ലൈസൻസിനുള്ള അപേക്ഷകൾ കോതമംഗലത്ത് നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ എത്ര പേർക്ക് ലൈസൻസ് അനുവദിച്ചു എന്നും വ്യക്തമാക്കാമോ;

(സി) കോതമംഗലത്ത് ആധാരമെഴുത്ത് ആഫീസുമായി ബന്ധപ്പെട്ട് ചുരുക്കം ആളുകൾക്ക് മാത്രം സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആധാരമെഴുത്ത് ഓഫീസിന് ആവശ്യമായ മുദ്രപത്രം മാത്രമാണ് ട്രഷറിയിൽ നിന്നും എടുക്കുന്നുള്ളൂ എന്നതിനാൽ മറ്റ് പല ആവശ്യങ്ങൾക്കും ആവശ്യമായ മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള മുദ്രപ്പത്ര ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ആളുകൾക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനുവേണ്ട നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവൽക്കരണം

5239 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സാഹചര്യത്തിൽ നെറ്റ്‌വർക്കിന്റെയും സോഫ്റ്റ്‌വെയറിന്റെയും സെർവ്വറിന്റെയും ന്യൂനതകൾമൂലം ഇടപാടുകാർക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) കോവിഡ് കാലത്ത് സംസ്ഥാനത്തെ പെൻഷൻകാരിൽ ഭൂരിഭാഗവും ട്രഷറിയിൽ നേരിട്ടെത്തി ഇടപാടുകൾ നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓൺലൈൻ ഇടപാടുകളെക്കുറിച്ചുള്ള അജ്ഞത പരിഹരിക്കാൻ ബോധവൽക്കരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) ഓൺലൈൻ ഇടപാടുകളെക്കുറിച്ച് ബോധവൽക്കരണം നടത്തി അവരെ ഓൺലൈൻ ഇടപാടുകൾക്ക് പ്രാപ്തരാക്കുന്നതിനായി വിവിധ പെൻഷൻകാരുടെ

സംഘടനകളുടെ സഹായത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ?

## ട്രഷറികളിൽ എ.റ്റി.എം. സൗകര്യം

5240 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ട്രഷറികളിൽ ഈ സൗകര്യം ഏർപ്പെടുത്തിയെന്നറിയിക്കാമോ; സൗകര്യം ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## ട്രഷറികളിലെ കോർ ബാങ്കിംഗ് സംവിധാനം

5241 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കിയതിന് ശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലേക്ക് പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിന് ഉതകുന്ന തരത്തിൽ ക്രമീകരണങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ട്രഷറി ബാങ്കിംഗ് സംവിധാനത്തിലൂടെ ഇടപാടുകാരുടെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ നടത്താൻ കഴിയുന്ന വിധത്തിൽ എ.ടി.എം. ഉൾപ്പെടെയുള്ള ഓൺലൈൻ സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവൽക്കരണം

5242 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിന് ശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) നെറ്റ്‌വർക്കിന്റെയും സോഫ്റ്റ് വെയറിന്റെയും സെർവറിന്റെയും ന്യൂനത മൂലം ഇടപാടുകാർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കോവിഡ് കാലത്തും ട്രഷറി സേവനങ്ങൾക്കായി ഇടപാടുകാർ നേരിട്ട് വരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ തരത്തിൽ എ.ടി.എം.

കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പോൾ തന്നെ എസ്.എം.എസ്. മുഖേന നൽകുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ;

(ഡി) ട്രഷറി മുഖേനയുള്ള സാമ്പത്തിക ഇടപാടുകളുടെ സുരക്ഷിതത്വവും സുതാര്യതയും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന പ്രചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ലോട്ടറി കച്ചവടം നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

5243 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി കച്ചവടം നടത്തുന്ന പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ലോട്ടറി കച്ചവടക്കാർക്ക് ചികിത്സാ സഹായം ഉൾപ്പെടെ കൂടുതൽ ആനുകൂല്യങ്ങൾ നൽകി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

**ഓൺലൈൻ പഠനത്തിന് കെ.എസ്.എഫ്.ഇ. മുഖേന ലാപ്ടോപ്പ്**

5244 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഇ. മുഖേന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പ് നൽകുന്നത് സർക്കാർ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടികൾക്ക് നൽകിയ ഉപകരണങ്ങളിൽ കേടായവ നന്നാക്കിക്കൊടുക്കുന്നതിൽ കമ്പനികൾ വിമുഖത കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**കെ.എസ്.എഫ്.ഇ. യിലെ ട്രാൻസ്ഫർ നോംസ്**

5245 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യിൽ ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം പൂർണ്ണമായും ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടപ്പാക്കുന്നത് സാധ്യമാണോ; വെളിപ്പെടുത്തുമോ ?

**ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതി**

5246 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കുട്ടികളുടെ പഠനത്തിനായി കുടുംബശ്രീ മുഖേന ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇനിയും അർഹതയുള്ള മുഴുവൻ ആളുകളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം</u>

5247 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നം.3/2017 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ. യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലം മാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ;

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം സ്ഥലമാറ്റത്തിനുള്ള അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷമായി പ്രസിദ്ധീകരിക്കാറുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ?

## <u>കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം</u>

5248 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നം.3/2017/ഉ.ഭ.വ പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ. യിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; വ്യക്തമാക്കാമോ;

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലം മാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ;

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം ട്രാൻസ്ഫർ അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷങ്ങളായി പ്രസിദ്ധീകരിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട്

സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ. ക്ക് പുതിയ ബ്രാഞ്ചുകൾ

5249 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പാടിച്ചാലിൽ കെ.എസ്.എഫ്.ഇ. ക്ക് പുതിയ ബ്രാഞ്ച് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## കെ.എഫ്.സി. വായ്പാ നയം

5250 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി. വായ്പാ നയം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചെറുകിട സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രൊപ്പോസലുകൾ കെ.എഫ്.സി. പാടേ അവഗണിക്കുന്നതായിട്ടുള്ള വാർത്ത പരിശോധിക്കുമോ;

(സി) കെ.എഫ്.സി. യിൽ നിന്നും ലോൺ എടുത്തവരിൽ എത്ര ശതമാനം പേർ കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

5251 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ലോൺ പോർട്ട്ഫോളിയോ അടുത്ത അഞ്ചുവർഷം കൊണ്ട് ഗണ്യമായി വർധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

5252 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസിയായ ഒരാൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാൻ സാധിക്കുമോ എന്നറിയിക്കാമോ;

(സി) സ്റ്റാമ്പ് വെണ്ടർ ലൈസൻസുള്ള ഉടമസ്ഥന് ഇത് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>**കാസർകോട് ജില്ലയിലെ സ്റ്റാമ്പ് വെൻഡർമാർ**</u>

5253 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര സ്റ്റാമ്പ് വെൻഡർമാരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏത് പഞ്ചായത്തിലെ ഏത് വെൻഡറാണ് ഏറ്റവും കൂടുതൽ വ്യവഹാരം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റാമ്പ് വെൻഡറിനായി അപേക്ഷിച്ച എല്ലാപേർക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി അനുമതി നൽകാൻ ബാക്കിയുള്ളവർ ആരാണെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്റ്റാമ്പ് വെൻഡർമാരെ നിയമിക്കാൻ ബാക്കിയുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

<u>**പുനർഗേഹം പദ്ധതി**</u>

5254 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ ഭൂമി വാങ്ങുന്നവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം പരിഗണനയിലുണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് സമയബന്ധിതമായി എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**നിയമസഭാ കൈയ്യാങ്കളി കേസിന് ഖജനാവിൽ നിന്ന് ചെലവഴിച്ച തുക**</u>

5255 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ കൈയ്യാങ്കളി കേസിൽ പ്രതിചേർക്കപ്പെട്ടവരെ വിചാരണയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സുപ്രീം കോടതിയെ വരെ സമീപിച്ച

വിഷയത്തിൽ അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക ഉൾപ്പെടെ സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

## നോട്ടറി അഭിഭാഷക തസ്തിക

5256 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ അനുവദിച്ച എത്ര നോട്ടറി അഭിഭാഷക തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) നിലവിൽ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ?

## വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി അപേക്ഷകൾ

5257 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) വക്കീൽ ഗുമസ്തന്മാരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

5258 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നാണ് രൂപീകൃതമായതെന്ന് അറിയിക്കുമോ; പ്രസ്തുത കോർപ്പറേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് അറിയിക്കുമോ;

(ബി) കോർപ്പറേഷന് ഇതേ വരെയായി ഓഹരി മൂലധനമായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) എത്ര തസ്തികകളാണ് പ്രസ്തുത കോർപ്പറേഷനിൽ നാളിതുവരെയായി സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുവരെ സേവനമനുഷ്ഠിച്ച ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർ ശമ്പളം, ടി.എ., അലവൻസുകൾ എന്നീ ഇനങ്ങളിൽ

എത്ര രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ?

**പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം**

5259 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന നിയമസഭ പരിസ്ഥിതി സമിതിയുടെ ശിപാർശയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ശിപാർശ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**അതി സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

5260 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതി സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ അതി സൂക്ഷ്മ സംരംഭകത്വമേഖലകളിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കുടുംബശ്രീ മിഷനുമായി ചേർന്ന് നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

**മെഡിക്കൽ ഓക്സിജൻ ഉത്പാദകർ**

5261 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഓക്സിജൻ ഉത്പാദനരംഗത്തുള്ള കമ്പനികൾ ഏതൊക്കെയാണ്; ഇവയിൽനിന്ന് സംസ്ഥാനത്തിന് പ്രതിദിനം ലഭിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്;

(ബി) കെ.എം.എം.എൽ. പ്രതിദിനം ഉത്പാദിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്; ഇതിൽ കമ്പനിയുടെ ഉപയോഗത്തിന് വേണ്ടിവരുന്ന ഓക്സിജന്റെ അളവ് എത്രയാണ്;

(സി) സംസ്ഥാനത്തിന്റെ വിവിധ ആശുപത്രികൾക്കായി എത്ര അളവ് ഓക്സിജൻ വിതരണം ചെയ്യുന്നുണ്ട്; ഏത് നിരക്കിലാണ് ആശുപത്രികൾക്ക് ഓക്സിജൻ നൽകുന്നത്;

(ഡി) സംസ്ഥാനത്ത് ഓക്സിജൻ ക്ഷാമം അനുഭവപ്പെടാതിരിക്കാൻ പൊതുമേഖലാസ്ഥാപനം എന്ന നിലയിൽ സംസ്ഥാന സർക്കാരിനെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കെ.എം.എം.എല്ലിന് കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

**കെ.എസ്.ഡി.പി. പദ്ധതി**

5262 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റശസ്ത്രക്രിയക്ക് ശേഷം രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി പദ്ധതി**

5263 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്വാസകോശ രോഗം, അവയവ മാറ്റ ശസ്ത്രക്രിയ, ഹൃദയാഘാതം എന്നിവയുടെ ചികിത്സക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

**ഇലക്ട്രിക് ഓട്ടോകൾ**

5264 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് നിലവിൽ പ്രതിമാസം നിർമ്മിച്ചുവരുന്ന ഇലക്ട്രിക് ഓട്ടോകളുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ; നാളിതുവരെ എത്ര ഇലക്ട്രിക് ഓട്ടോ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഓട്ടോ പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ ?

**കേരള ആട്ടോ മൊബൈൽസ്**

5265 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോ മൊബൈൽസിൽ 2010 മുതലുള്ള നാലര കോടി രൂപയുടെ ഇ.പി.എഫ്. കുടിശിക അടച്ച തീർക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇ.പി.എഫ്. കുടിശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പ എടുക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

**വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി**

5266 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം

5267 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നാണ് നിലവിൽ വന്നതെന്ന് പറയാമോ; ഇത്തരത്തിൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) തൊഴിൽ വകുപ്പിന് കീഴിൽ രൂപീകരിക്കേണ്ട പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിന് കീഴിലേയ്ക്ക് മാറ്റുന്നതിനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ വകുപ്പ് തൊഴിൽ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ;

(ഇ) വ്യവസായ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചത് നിലവിലെ പ്ലാന്റേഷൻ, ലേബർ ആക്ടുകളുടെ ലംഘനമായിട്ടുണ്ടോ എന്നും, തൊഴിലാളി വിരുദ്ധ തീരുമാനമായിട്ടുണ്ടോ എന്നും പരിശോധിക്കുമോ?

## തഴക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

5268 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൂമി/കെട്ടിടം എന്നിവ വിട്ടുനൽകിയതിന് പരിഗണിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഇവിടെ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ/ അംഗീകാരമില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

## പാറത്തോട് പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

5269 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സ്ഥലംവാങ്ങി വ്യവസായ വകുപ്പിന് കൈമാറിയ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ വികസനം

5270 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെയും മിനിവ്യവസായ യൂണിറ്റുകളുടെയും നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; ഏതെല്ലാം വ്യവസായ എസ്റ്റേറ്റുകൾക്ക് സ്ഥലപരിമിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്

5271 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായത്തിന് കേൾവി കേട്ട നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികളൊന്നും ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത്തരത്തിൽ ഒരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമെന്ന് കണ്ടെത്തിയതെന്നും ഇത് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയാണോ എന്നും അറിയിക്കാമോ;പ്രസ്തുത ഭൂമിയുടെ വില്ലേജും സർവ്വേ നമ്പരുമടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഭൂമി ലഭ്യമാക്കുന്നതിന് സ്ഥലം ഉടമകളുമായി വ്യവസായ വകുപ്പ് രേഖാ മൂലം ബന്ധപ്പെട്ടിരുന്നോ; സ്ഥലം ഉടമസ്ഥർ താല്പര്യപത്രം വ്യവസായ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; സ്ഥലം ഉടമകളുടെ ഇക്കാര്യത്തിലെ താൽപ്പര്യം ആരാണ് അറിയിച്ചതെന്നും എന്താണ് താൽപ്പര്യമെന്നും അറിയിക്കാമോ;

(ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങാനാണോ അതോ പി.പി.പി. മോഡലിൽ ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂരിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കുമോ; ഇതിനുള്ള ഫണ്ട് കിഫ്ബി-യിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുമോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന് നടപടി

5272 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന മാനദണ്ഡമനുസരിച്ചാണോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഭൂമി അനുവദിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനാവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്നുമുള്ളതിന്റെ വിശദവിവരം നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുൻഗണനാ ലിസ്റ്റ് മറികടന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമാണ് ഭൂമി അനുവദിച്ചതെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം ഭൂമി അനുവദിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## കുന്നംകുളം മിനി വ്യവസായ എസ്റ്റേറ്റ്

5273 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മിനി വ്യവസായ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ എസ്റ്റേറ്റിന്റെ കോമ്പൗണ്ട് വാൾ ഉൾപ്പെടെ ഉള്ളവയുടെ നവീകരണത്തിന് നടപടി സ്വീകരിക്കാമോ?

## വ്യവസായ ജാലകം പദ്ധതി

5274 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യണമെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ വിവരശേഖരണം നടത്തണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരം ശേഖരിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് വിവരശേഖരണത്തിനായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ;

(ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വ്യവസായ ഭൂപടം

സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരള ബ്രാൻഡ്**

5275 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രാധാന്യം കണക്കാക്കി പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉല്പന്ന വിതരണ ശൃംഖല മെച്ചപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ മേഖലയിൽ കേരള ബ്രാൻഡ് സൃഷ്ടിച്ച് ആയതുവഴി കേരള ബ്രാൻഡ് ഉല്പന്നങ്ങൾ എന്ന രീതിയിൽ യാഥാർത്ഥ്യമാക്കാനുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം**

5276 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽ വന്ന മഞ്ചേശ്വരം താലൂക്കിൽ താലൂക്കിൽ വ്യവസായ കേന്ദ്രം ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ വ്യവസായ കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ എന്ന് വിശദമാക്കുമോ;ഈ വർഷം തന്നെ താലൂക്ക് വ്യവസായ കേന്ദ്രം ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**ഉത്തരവാദിത്ത വ്യവസായം**

5277 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വ്യവസായം സംസ്ഥാന പുരോഗതിക്കായി എപ്രകാരം ഉപയോഗപ്രദമാക്കാമെന്നും അതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് സർക്കാർ പ്രധാന്യം നൽകുന്നതെന്നും വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും എത്ര പേർ അപേക്ഷകരായി എത്തിയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

**പിൻവാതിൽ നിയമനം**

5278 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റേയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ എവിടെയെങ്കിലും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആരെയൊക്കെ സ്ഥിരപ്പെടുത്തി എന്നും അവരുടെ തസ്തിക, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തീയതി തുടങ്ങിയ വിശദാംശങ്ങളും അറിയിക്കാമോ;

(സി) ഇത്തരത്തിൽ പിൻവാതിൽ നിയമനം നൽകുന്നത് സർക്കാരിന്റെ പ്രഖ്യാപിതനയത്തിന് അനുസൃതമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## വിപണി സാധ്യത പ്രോത്സാഹിപ്പിക്കാൻ പദ്ധതി

5279 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം സൂക്ഷ്മസംരംഭങ്ങളിലെ ഉത്പന്നങ്ങളുടെ വിപണി സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ;വിശദാംശം നൽകുമോ?

## ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി

5280 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പാദന വികസനത്തിനും നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ചെറുകിട വ്യവസായ മേഖലയുടെ വികസനം

5281 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പ് ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം ധന സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

## റബ്ബർ അധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ

5282 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കാൻ പ്രകൃതിദത്ത റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>പരമ്പരാഗത വ്യവസായം</u>**

5283 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ക വ്യവസായത്തിൽ നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിൽ കക്ക വാരി ഉപജീവനം നടത്തുന്ന ഇത്തരം തൊഴിലാളികൾക്കു കക്ക വാരാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി</u>**

5284 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പ്രാവർത്തികമാക്കാൻ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ആയതിന്റെ പുരോഗതിയും അറിയിക്കാമോ?

**<u>കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി</u>**

5285 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ചെറുതും വലുതുമായ വ്യവസായ പാർക്കുകളും വ്യവസായ ശാലകളും സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള ഭൂമി ഏറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും വെളിപ്പെടുത്താമോ?

**<u>വ്യവസായ പാർക്ക്</u>**

5286 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ പാർക്ക് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

## വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾ

5287 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## പാലക്കാട് റൈസ് പാർക്കിന്റെ നിർമാണ പുരോഗതി

5288 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ഇന്റർഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് എന്ന് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുമെന്ന് അറിയിക്കാമോ?

## കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്ക്

5289 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ കിൻഫ്ര ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലായാൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## വേളം ഗ്രാമപഞ്ചായത്തിലെ നാളികേര പാർക്ക്

5290 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിൽ നാളികേര പാർക്കിനായി ഏറ്റെടുത്ത സ്ഥലം കാടുവെട്ടി മതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവർത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ മിനിവ്യവസായ എസ്റ്റേറ്റുകൾ

5291 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഓരോ മിനിവ്യവസായ എസ്റ്റേറ്റിന്റെയും വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) ഓരോ മിനിവ്യവസായ എസ്റ്റേറ്റിലുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മിനിവ്യവസായ പാർക്കുകളിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ

5292 **ശ്രീ. പി.വി.അൻവർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള വ്യവസായ പാർക്കുകളും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളും എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വ്യവസായ പുരോഗതിയോടൊപ്പം റബ്ബർ കർഷകർക്കും ഏറെ പ്രയോജനപ്രദമായേക്കാവുന്ന റബ്ബറിൽ നിന്ന് മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കാൻ സിയാൽ മോഡൽ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഡി) ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നതിലുള്ള തടസ്സം ഒഴിവാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം

5293 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയോട് അനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിച്ച പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ?

## അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി

5294 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി കൈയ്യേറ്റം മൂലം അന്യാധീനപ്പെട്ട സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അത് തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇപ്രകാരം ഭൂമി അന്യാധീനപ്പെട്ടിട്ടില്ലെങ്കിൽ പ്രസ്തുത പ്ലോട്ടുകൾ ചെറുകിട വ്യവസായ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക്

5295 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ

5296 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

## കുട്ടനാട്ടിലെ വ്യവസായ സംരംഭങ്ങൾ

5297 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സുലഭമായി ലഭിക്കുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ സ്വദേശ വിദേശ ആവശ്യങ്ങൾ മനസ്സിലാക്കി ഇവയുടെ ഉത്പാദനത്തിനും സംസ്കരണത്തിനും വിതരണത്തിനും എന്തൊക്കെ പ്രത്യേക

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കാമോ?

**<u>വ്യവസായാധിഷ്ഠിത ഗവേഷണസ്ഥാപനങ്ങൾ</u>**

5298 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ഉള്ളതുപോലെ വ്യവസായാധിഷ്ഠിതമായ പ്രായോഗിക ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കോവിഡ് രണ്ടാം വരവിൽ തകർന്ന വ്യാപാര - വാണിജ്യ മേഖല</u>**

5299 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗത്തിൽ തകർന്ന ഹോട്ടൽ, ടൂറിസം, കാറ്ററിംഗ്, വസ്ത്ര വ്യാപാരികൾ, ഫൂട്ട്‌വെയർ, ചെറുകിട സംരംഭകർ, ഗൃഹോപകരണ വിപണി മറ്റ് അനുബന്ധ വ്യവസായ മേഖലകൾ എന്നിവയെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;പ്രസ്തുത മേഖലകളെ സംരക്ഷിക്കുവാൻ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കുമോ;

(ബി) വാടക, വൈദ്യുതി, നികുതി, വെള്ളക്കരം എന്നീ ഇനങ്ങൾക്ക് ഇളവുകൾ നൽകുമോ;

(സി) വ്യാപാരികൾക്ക് സബ്സിഡിയോടു കൂടിയ വായ്പകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

**<u>സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനം</u>**

5300 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സംരംഭകർക്ക് അവർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുവാനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സ്ത്രീ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുന്നതിനും മറ്റ് സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള അറിവ് പകർന്ന് നൽകുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(സി) സ്ത്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**<u>വ്യവസായ പദ്ധതികൾ</u>**

5301 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളും മൂലം ഏതെങ്കിലും വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൊറ്റാമം കെൽപ്പാം ഫാക്ടറിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

5302 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കൊറ്റാമം കെൽപ്പാം ഫാക്ടറിയിൽ 2016 മുതൽ 2021 വരെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) കെൽപ്പാമിൽ പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2016 ജനുവരി മുതൽ 2021 ജൂലൈ മാസം വരെ ഓരോ വർഷവും കെൽപ്പാമിന്റെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

## കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

5303 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളായ ചക്ക, കപ്പ (മരച്ചീനി) പോലുള്ളവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇവ കാർഷിക ഉൽപ്പന്നങ്ങളായി അയൽ സംസ്ഥാനങ്ങളിലേക്ക് എത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നമായി തിരിച്ചെത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഉത്പാദന മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി

5304 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ പ്രത്യേകിച്ചും മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ?

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ**

5305 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യവസ്തുക്കളായ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാങ്കേതിക സഹായവും ധനസഹായവും നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ നടപടി**

5306 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സംരംഭകരുടെ പ്രസക്തി വർദ്ധിച്ച വരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ?

**വ്യാപാരസ്ഥാപനങ്ങളും ഹോട്ടലുകളും തുറക്കാൻ നടപടി**

5307 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സംസ്ഥാനത്ത് ധാരാളം വ്യാപാരസ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്ന പ്രവർത്തിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹോട്ടലുകൾക്ക് പിടിച്ചനിൽക്കാൻ കഴിയാത്ത സാഹചര്യത്തെ ഏത് രീതിയിലാണ് പരിഹരിക്കാൻ ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വ്യാപാരി സൗഹൃദനയം സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം വിശദീകരിക്കാമോ?

**സിമന്റ് വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി**

5308 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുള്ള ലോക്ക്ഡൗൺ മൂലം സിമന്റ് വ്യാപാരികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടവും പ്രസ്തുത മേഖലയിലെ പ്രതിസന്ധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**<u>അടച്ചുപൂട്ടിയ വ്യാപാരസ്ഥാപനങ്ങൾ</u>**

5309 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മൂലം എത്ര വ്യാപാരസ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട്; അതിൽ ചെറുകിടസ്ഥാപനങ്ങൾ എത്രയെന്നും വൻകിടസ്ഥാപനങ്ങൾ എത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ അടച്ചുപൂട്ടേണ്ടിവന്ന വ്യാപാരസ്ഥാപനങ്ങൾ തുറക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് അറിയിക്കുമോ?

**<u>പ്രവാസി മലയാളികൾക്ക് സഹായം</u>**

5310 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലേക്ക് കയറ്റുമതി-ഇറക്കുമതി വ്യാപാരം നടത്തുന്ന പ്രവാസി മലയാളികൾക്ക് പ്രത്യേക സഹായങ്ങൾ നല്കാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കേരളത്തിന്റെ സുഗന്ധ ദ്രവ്യങ്ങളും,കയർ, കുട്ടനാടൻ അരി മുതലായവ കൂടുതലായി കയറ്റി അയക്കുന്നതിനു പ്രത്യേക സഹായങ്ങൾ നൽകുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

**<u>നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിലെ പ്രതിസന്ധി</u>**

5311 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ അവശ്യ വസ്തുക്കളായ മണൽ, പാറ, ചെളി, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഖനനാനുമതിക്കായി നൽകുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഖനനമേഖലയിൽ കൊണ്ടുവന്ന് പൊതുജനങ്ങൾക്കും വൻകിട നിർമ്മാണങ്ങൾക്കും നിർമ്മാണവസ്തുക്കൾ ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

**<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി കണ്ണൂർ</u>**

5312 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി-കണ്ണൂർ എന്നാണ് സ്ഥാപിതമായത്; പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഐ.ഐ.എച്ച്.ടി. കണ്ണൂരിൽ നടത്തുന്ന കോഴ്സുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത കോഴ്സുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2016 മുതൽ 2021 വരെ ഐ.ഐ.എച്ച്.ടി.ക്ക് സർക്കാർ ധനസഹായമായി എത്ര തുക നൽകി; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ തുക സ്ഥാപനം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത വിനിയോഗ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഐ.ഐ.എച്ച്.ടി.യിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; സ്ഥിരം, താത്കാലികം എന്നിങ്ങനെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുക

5313 **ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു; സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കുളത്തൂർ പവ്വർലൂം ഫാക്ടറിയ്ക്ക് അനുവദിച്ച ഫണ്ട്

5314 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂരിൽ പ്രവർത്തിയ്ക്കുന്ന പവ്വർലൂം ഫാക്ടറിയ്ക്ക് 2016 ജനുവരി മുതൽ 2021 മാർച്ച് വരെ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പവ്വർലൂം ഫാക്ടറിയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കൈത്തറി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

5315 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(സി) ആയിരത്തിലധികം വരുന്ന കൈത്തറി യൂണിറ്റുകൾ പ്രവർത്തിക്കുന്ന കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പൂവത്തൂർ കേന്ദ്രമായി ഒരു ഹാൻഡ് ലൂം ഹബ് സ്ഥാപിക്കണം

എന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത യൂണിറ്റ് കേന്ദ്രമാക്കി ഒരു ഹാൻഡ് ലൂം ടൂറിസം വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ</u>**

5316 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് പുറത്തിറക്കുന്ന തുണിത്തരങ്ങൾക്ക് ബ്രാൻഡ് നെയിം ഉപയോഗിക്കാറുണ്ടോ; എങ്കിൽ നിലവിൽ ഉപയോഗിക്കുന്ന ബ്രാൻഡ് നെയിംമുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ ഇറക്കിയിരുന്നോ;എങ്കിൽ ഈ പേരിലുള്ള ഒരു ഷർട്ടിന്റെ വില എത്രയായിരുന്നുവെന്നറിയിക്കാമോ;

(സി) എത്ര രൂപയുടെ വിൽപ്പനയാണ് സഖാവ് എന്ന പേരിലുള്ള ബ്രാൻഡ് ഉൽപ്പന്നങ്ങളിൽ നിന്നും പ്രതീക്ഷിച്ചിരുന്നതെന്നും നിലവിൽ എത്ര രൂപയാണ് ഈ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ചതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ എത്ര ലാഭം കിട്ടിയെന്നും തുടർന്നും ഈ ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഖാദി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ?

**<u>സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി</u>**

5317 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള കൈത്തറി തുണികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിലുള്ള ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയതെന്ന് അറിയിക്കുമോ; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നുണ്ട്; വിശദ വിവരം നൽകാമോ?

**<u>പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം</u>**

5318 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ</u>**

5319 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന രീതിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## കൈത്തറി-ഖാദി മേഖലയെ ശാക്തീകരിക്കാൻ നടപടികൾ

5320 **ഡോ. എൻ. ജയരാജ്**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി - ഖാദി മേഖലകൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിക്കേണ്ടതായ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പൂട്ടി കിടക്കുന്ന കൈത്തറി - ഖാദി നെയ്ത്തു സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കയർ മേഖലയുടെ രണ്ടാം പുനസംഘടന

5321 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ രണ്ടാം പുനസംഘടനയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ കയർ വകുപ്പിന്റെ കീഴിലെ പദ്ധതികൾ

5322 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കയർ വകുപ്പിന്റെ കീഴിൽ നടക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## കയർ ഭൂവസ്ത്ര പദ്ധതി

5323 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലൂടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂവസ്ത്രങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ?

## കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കാൻ നടപടി

5324 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കശുവണ്ടി ഫാക്ടറികൾ

5325 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേക്ക് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടി ഉത്പാദിപ്പിക്കുന്നുണ്ട്; അറിയിക്കാമോ;

(ബി) കശുമാവ് കൃഷി സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## പ്ലാൻന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

5326 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്ലാൻന്റേഷൻ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസ്തുത ഡയറക്ടറേറ്റ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി മേഖലയിലെ വ്യവസായ സൗഹൃദസമീപനം

5327 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും വ്യാവസായിക മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാൻ മേൽ പറഞ്ഞ മേഖലകളിലെ കമ്പനികൾക്ക് അനുമതി നൽകുമോ;

(സി) പുതിയ വ്യവസായങ്ങൾക്കും നിലവിലുള്ള ഫാക്ടറികളുടെ വിപുലീകരണ യൂണിറ്റുകൾക്കും ഇലക്ട്രിക് ഡ്യൂട്ടി നൽകുന്നതിൽ നിന്ന് അഞ്ചുവർഷത്തെ ഇളവ്

അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുറത്തുനിന്ന് പാരമ്പര്യേതര സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി വാങ്ങാൻ ക്രോസ് സബ്സിഡി ചാർജ്ജ്, ഗ്രിഡ് സപ്പോർട്ട് ചാർജ്ജ് എന്നിവ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി

5328 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ച് 25 ശതമാനം വാർഷിക വളർച്ച കൈവരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

## അനെർട്ടിലെ സയന്റിസ്റ്റുകളുടെ പ്രൊമോഷൻ

5329 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ എത്ര സയന്റിസ്റ്റുകൾ നിലവിലുണ്ടെന്നും ഇവരുടെ ശമ്പളം, പ്രൊമോഷൻ ആനുകൂല്യങ്ങൾ എന്നിവ ഏത് നിയമപ്രകാരമാണ് നൽകേണ്ടതെന്നും വ്യക്തമാക്കുമോ;

(ബി) ഇവർ നടത്തിയ ഗവേഷണങ്ങൾ പ്രൊമോഷന് വേണ്ടി അസ്സസ്മെന്റ്,സ്ക്രീനിംഗ് കമ്മിറ്റികൾ അംഗീകരിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ സയന്റിസ്റ്റുകൾ നാളിതുവരെ ഏതെങ്കിലും പേറ്റന്റിന്അപേക്ഷിച്ചിട്ടുണ്ടോ;

(സി) സയന്റിസ്റ്റുകളുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് എ.ജി. നടത്തിയ ഓഡിറ്റിംഗിൽ എന്തെല്ലാം ഗുരുതര പരാമർശങ്ങളാണ് കണ്ടെത്തിയത് എന്ന് വിശദീകരിക്കാമോ; പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഫയലിൽ തിരിമറി നടത്തിയും, സി.എസ്.ഐ.ആർ. റൂളും, ഹൈക്കോടതി വിധിയും തെറ്റിദ്ധരിച്ച് പ്രൊമോഷന് വേണ്ടി കത്തയച്ചതായി എ.ജി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഇതിൽ അനെർട്ടിലെ ഉദ്യോഗസ്ഥരുടെ പേര് പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്ന് തസ്തിക ഉൾപ്പെടെ വെളിപ്പെടുത്താമോ;

(എഫ്) മേൽകത്തിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നും അതിനു ശേഷം നാളിതുവരെ എത്ര തുക ശമ്പള - കുടിശ്ശിക ഇനങ്ങളിൽ ഇവർക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

5330 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ?

**<u>റൈറ്റ് ഓഫ് വെ യ്ക്ക് താഴെ വരുന്ന സ്ഥലത്തിന് ന്യായവില</u>**

5331 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസയിടങ്ങൾക്കും പറമ്പുകൾക്കും മുകളിലൂടെ പുതുതായി ഹൈടെൻഷൻ ലൈനുകൾ വലിക്കുമ്പോഴും, മുൻപ് സ്ഥാപിച്ചവ കെ.എസ്.ഇ.ബി അപ്ഗ്രേഡ് ചെയ്യുമ്പോഴും റൈറ്റ് ഓഫ് വെ-യ്ക്ക് താഴെ വരുന്ന സ്ഥലത്തിന് ന്യായവിലയുടെ പതിനഞ്ച് ശതമാനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) മുൻപ് പൂർത്തീകരിച്ച ഹൈടെൻഷൻ ലൈനുകളുടെ റൈറ്റ് ഓഫ് വെ പരിധിയിൽ വരുന്നവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടോ;

(സി) ഹൈടെൻഷൻ ലൈനുകൾ വലിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റപ്പെടുന്ന മരങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിലനിർണ്ണയം നടത്തുന്നത് ഫോറസ്റ്റ് വകുപ്പാണോ; വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനം</u>**

5332 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ജെ. മാക്സി**
**ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം ,ചാർജ് വർദ്ധിപ്പിക്കാതെ തന്നെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനു വരുത്തിയ ബാധ്യത എത്രയായിരുന്നു;

(സി) വാണിജ്യ ഉപഭോക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടിയുണ്ടാകുമോ; നിലവിലെ ആകെ കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ;

(ഡി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ 2016 മുതൽ നടത്തിയ ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക നേട്ടം എത്രയെന്ന് അറിയിക്കാമോ?

**<u>ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഇൻഷുറൻസ്</u>**

5333 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് കെ.എസ്.ഇ.ബി. ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

**ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ**

5334 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് അമിതമായ ചാർജ്ജ് ഈടാക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് ഒരു നിശ്ചിത ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കാസർകോട് ജില്ലയിലെ വൈദ്യുതി വിതരണം**

5335 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വൈദ്യുതി വിതരണത്തിൽ നിരന്തരം തടസമുണ്ടാകുന്നത് (പ്രത്യേകിച്ച് മഴക്കാലത്ത് ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ഉപകരണങ്ങൾ, മറ്റു അനുബന്ധ സാധന സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ ജില്ലയിലെ വിവിധ സെക്ഷൻ ഓഫീസുകൾ സ്വയം പര്യാപ്തമാണോ ; അല്ലെങ്കിൽ എന്തിന്റെയെല്ലാം കുറവാണുള്ളതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) വിവിധ സെക്ഷൻ ഓഫീസുകൾ ജീവനക്കാരുടെ കാര്യത്തിൽ സ്വയം പര്യാപ്തമാണോ ;വിവിധ സെക്ഷൻ ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതാണെന്നും ,അവ എന്നത്തേക്ക് നികത്താനാകുമെന്നും വ്യക്തമാക്കാമോ;

(ഡി) പുതിയ കണക്ഷനു വേണ്ടി എത്ര അപേക്ഷകൾ ഓരോ സെക്ഷനുകളിലും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവയിൽ കണക്ഷൻ നൽകാനാവാതെ എത്ര കാലമായി പ്രസ്തുത അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിൾ വഴി ഏതെല്ലാം ഭാഗങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് അറിയിക്കാമോ?

**ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ**

5336 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക സംരംഭങ്ങൾക്ക് ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത

നിലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

**കെ.എസ്.ഇ.ബിയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം**

5337 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ഓട്ടോമാറ്റിക് പേയ്മെന്റ് നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ശതമാനം ഉപഭോക്താക്കളാണ് മൊബൈൽ ആപ്പുകൾ, ഇ-വാലറ്റുകൾ എന്നിവ വഴി പണമടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നേരിട്ട് പണമടയ്ക്കാൻ കഴിയുന്ന സി.ഡി.എം സംവിധാനം കെ.എസ്.ഇ.ബി യുടെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്; കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ?

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയും സംസ്ഥാന വൈദ്യുത മേഖലയും**

5338 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി ഉത്പാദന, വിതരണ,ഉപഭോഗ മേഖലകളെ ഏതുതരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത നിയമ ഭേദഗതിയുണ്ടാക്കുന്ന ആശങ്കകൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആശങ്കകൾ തരണം ചെയ്ത് വൈദ്യുതി വിതരണം പൊതു മേഖലയിൽ നിലനിർത്തി നിലവിലെ സമ്പ്രദായം തുടരുവാനും സ്വകാര്യ കമ്പനികൾക്ക് പ്രവർത്തനാനുമതി സംസ്ഥാന തീരുമാന പ്രകാരം മാത്രമായി നിജപ്പെടുത്തുവാനുമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ**

5339 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾക്കായി സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**വൈദ്യുതി ഉൽപാദനത്തിൽ സ്വയംപര്യാപ്തത**

5340 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉത്പ്പാദനം വർധിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ ?

**ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായുള്ള സേവനങ്ങൾ**

5341 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും, ഊർജ്ജ സംരക്ഷണത്തിനുമായി വൈദ്യുതിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

**കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ**

5342 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കാതെ കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ എടുക്കാൻ വൈദ്യുതി ബോർഡിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അധിക വായ്പ എടുക്കുന്നതിന് വൈദ്യുതി നിരക്ക് കൂട്ടേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; വൈദ്യുതി മേഖലയിൽ കേന്ദ്രം നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**കർഷകർക്ക് സൗജന്യമായി വൈദ്യുതി**

5343 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ;വിശദാംശങ്ങൾ നൽകുമോ?

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

5344 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബി.യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ?

**അനർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ**

5345 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ ഏതൊക്കെ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) അനർട്ടിന്റെ പ്രവർത്തനങ്ങളിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥല ഭവനങ്ങൾ വൈദ്യുതീകരിക്കുക, സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്റ്റാർട്ട് അപ്പ് അക്ഷയ ഊർജ്ജ സേവനകേന്ദ്രങ്ങൾ അരംഭിച്ചിട്ടുണ്ടോ; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ഡി) കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## <u>കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

5346 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും, കായംകുളം മണ്ഡലത്തിൽ ഈ പദ്ധതി എത്ര ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

## <u>പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി</u>

5347 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്ക് വേണ്ടി എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ;ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന്അറിയിക്കുമോ?

## <u>നിലാവ് പദ്ധതി</u>

5348 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകൾ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പദ്ധതി

5349 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ കൂടുതൽ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം

5350 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആർ.ഡി.എസ്.എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ സംസ്ഥാനത്തിനു ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ കരട് മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം പ്രവർത്തന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച സർവ്വീസ് അറ്റ് ഡോർ സ്റ്റെപ്പ് എന്ന പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൈദ്യുതി തടസ്സം പരമാവധി പരിഹരിക്കുന്നതിനായി നിരീക്ഷണ, നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ദ്യുതി പദ്ധതി

5351 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ആവിഷ്ക്കരിച്ച ദ്യുതി പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്; ആയത് എത്രത്തോളം യാഥാർത്ഥ്യമാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി, നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## മാർമല ജലവൈദ്യുത പദ്ധതി

5352 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ മാർമല ജലവൈദ്യുതി പദ്ധതിക്ക് നെഗോഷ്യേറ്റട്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

**<u>വൈദ്യുതി സ്വയംപര്യാപ്തതയ്ക്ക് സമഗ്ര പദ്ധതി</u>**

5353 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുതി സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് സമഗ്രമായ പദ്ധതി സർക്കാരിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>ഫിലമെന്റ് രഹിത കേരളം പദ്ധതി</u>**

5354 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പല ജില്ലകളിലും പ്രസ്തുത പദ്ധതിക്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ആവശ്യമായ പ്രോത്സാഹനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സർക്കാർ സമയ പരിധി നിശ്ചയിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; സമയപരിധി നിശ്ചയിച്ച് ലക്ഷ്യം കൈവരിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

**<u>വാഴാനിയിൽ ചെറുകിട ജലവൈദ്യുത നിലയം</u>**

5355 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയിൽ ആധുനിക വൈദ്യുതി വിതരണ സംവിധാനമായ അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിച്ചുള്ള റിംഗ് മെയിൻ ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വാഴാനി ഡാമിലെ വെള്ളം ഉപയോഗിച്ച് വാഴാനിയിൽ ചെറുകിട ജലവൈദ്യുത നിലയം ആരംഭിക്കുവാൻ പദ്ധതികൾ പരിഗണനയിലുണ്ടോ?

**<u>മാവേലിക്കര മണ്ഡലത്തിലെ നിലാവ് പദ്ധതി</u>**

5356 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**പ്രസരണ നഷ്ടവും വൈദ്യുതി മോഷണവും തടയാൻ നടപടി**

5357 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ നഷ്ടം വൈദ്യുതി മോഷണം എന്നിവ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും ഫലപ്രദമാണോ; അല്ലെങ്കിൽ ആവശ്യമായ പുതിയ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന്റെയും വിൽക്കുന്നതിന്റെയും നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

**വോൾട്ടേജ് നിലനിർത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും നടപടി**

5358 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ജില്ലകളിൽ വോൾട്ടേജ് ശരിയായ അളവിൽ നിലനിർത്തുന്നതിനും പ്രസരണ നഷ്ടം കുറക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് എച്ച്.ടി. ലൈനുകളിലും എൽ.റ്റി. ലൈനുകളിലും ഏരിയൽ ബൻജ്ഡ് കേബിൾ (എ.ബി.സി.) നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ മലബാറിലെ ഏതെല്ലാം ജില്ലകളിൽ ഇത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**വൈദ്യുതോല്പാദന മേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ**

5359 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇടുക്കിയിൽ രണ്ടാം നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടക്കുന്നുണ്ടോ; ജലവൈദ്യുത പദ്ധതികളുടെ കാലപ്പഴക്കം പരിഗണിച്ച് നവീകരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(സി) പുരപ്പുറ സൗരോർജോല്പാദന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളിൽ ബാണാസുര സാഗർ മാതൃകയിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ചെലവിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി നിരക്കുവർദ്ധന അപ്രായോഗികമായതിനാൽ ചെലവു കുറയ്ക്കാനായി പ്രസരണ വിതരണ രംഗത്തെ നഷ്ടവും പ്രവർത്തന ചെലവും കുറയ്ക്കാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

## വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക

5360 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിരിഞ്ഞു കിട്ടാൻ കുടിശ്ശികയായിട്ടുള്ളത് ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള ഗാർഹികേതര കണക്ഷനുകളിൽ നിന്നും ആകെ എന്ത് തുക കഴിഞ്ഞ സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്ത് തുക കുടിശ്ശികയായുണ്ടായിരുന്നു; പ്രസ്തുത തുക പൂർണ്ണമായി പിരിച്ചെടുക്കാനുള്ള സത്വരനടപടി സ്വീകരിക്കുമോ?

## വൈദ്യുത ചാർജ്ജ് വർദ്ധനവ്

5361 **ശ്രീ. കെ. ബാബു (തൃപ്പുണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര തവണ സംസ്ഥാനത്ത് വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോതവണയും ഉള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ?

## ലോക്ഡൗൺ കാലത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് ഇളവ്

5362 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ തുടങ്ങിയത് മുതൽ എത്രപേർക്ക് തവണകളായി വൈദ്യുതി ബില്ലടയ്ക്കാൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തവണകളായി പണം അടയ്ക്കാനുള്ള സൗകര്യം നൽകിയിട്ടും വീഴ്ചവരുത്തിയവർ എത്രയാണെന്നും ആ നിലയിൽ എത്ര കുടിശ്ശികകൾ ഉണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക നിവാരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോഴാണ് പിരിച്ചെടുക്കാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ സൗജന്യ വൈദ്യുതി കണക്ഷനുകൾ

5363 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഗുണഭോക്താക്കൾ ആരൊക്കെ എന്നും എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് നൽകുന്നതെന്നും വിശദമാക്കാമോ?

## വൈദ്യുതിചാർജ്ജിനത്തിൽ കുടിശ്ശിക

5364 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതിബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽ നിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതുക പിരിച്ചെടുക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയായി പിരിച്ചെടുക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

## ഇരിക്കൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

5365 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നു അറിയിക്കുമോ;

(സി) ആയതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

5366 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ മലയോര ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നിവിടങ്ങളിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുമ്പോൾ വൈദ്യുതി ലൈനുകളും പോസ്റ്റുകളും തകരുന്നത് കൊണ്ട് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പൂർണ്ണമായും കവേർഡ് ഇലക്ട്രിസിറ്റി ലൈനുകൾ

സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

5367 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ തെരുവ് വിളക്കുകൾക്കായുള്ള ലൈൻ വലിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ എത്ര രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

## ആദിവാസി കോളനികളിലെ വൈദ്യുതീകരണം

5368 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാത്ത എത്ര ആദിവാസി കോളനികൾ ഉണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ആദിവാസി കോളനികളിൽ വൈദ്യുതീകരണം എത്താത്തതിനാൽ കുട്ടികളുടെ ഓൺലൈൻ പഠനമടക്കം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ,ഇനിയും വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിലമ്പൂരിലെ 110 കെ.വി. സബ് സ്റ്റേഷനിലേക്കുള്ള പ്രസരണ ലൈൻ ശേഷി വർദ്ധിപ്പിക്കുന്ന നടപടി

5369 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂരിലെ 110 കെ.വി. സബ് സ്റ്റേഷനിലേക്കുള്ള പ്രസരണ ലൈൻ മോണോപ്പോൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും എത്ര തുകയാണ് ഇതിനായി പൊതുമരാമത്ത് വകുപ്പ് അടക്കേണ്ടതെന്നും അറിയിക്കാമോ;

(ബി) 110 കെ.വി. ലൈൻ നിലമ്പൂർ ബൈപ്പാസിന്റെ 1.5 മീറ്റർ മീഡിയൻ സ്ട്രിപ്പിലൂടെ ആണോ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ബൈപ്പാസിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഇപ്രകാരം പ്രസരണ ലൈൻ സ്ഥാപിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; നിലമ്പൂർ ബൈപ്പാസിന്റെ എത്ര കിലോ മീറ്റർ ദൂരത്തിലാണ് മീഡിയൻ സ്ട്രിപ്പിൽ മോണോപ്പോൾ സ്ഥാപിച്ച് പ്രസരണ

ലൈൻ നിർമ്മിക്കേണ്ടതെന്നും ഏത് പ്രദേശം മുതൽ ഏത് പ്രദേശം വരെയാണ് ഇങ്ങനെ നിർമ്മിക്കേണ്ടതെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ നിലമ്പൂർ 110 കെ.വി സബ് സ്റ്റേഷനിലേക്കുള്ള പ്രസരണ ലൈൻ എത്ര സർക്യൂട്ടുകളായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇത് നിലവിലുള്ള ടവറുകളിലാണോ സ്ഥാപിച്ചിട്ടുള്ളതെന്നും ഭാവിയിൽ എത്ര സർക്യൂട്ടുകളാണ് പരമാവധി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 66 കെ.വി. എച്ച്.ടി. ടവറുകളിൽ തന്നെ പ്രസരണ ലൈൻ 110 കെ.വി.യാക്കി ശേഷി വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് മോണോപ്പോൾ സ്ഥാപിക്കണമെന്ന തീരുമാനത്തിലേക്ക് വൈദ്യുതി വകുപ്പ് എത്തിച്ചേർന്നതെന്നും വിശദമാക്കാമോ; സുരക്ഷാ പ്രശ്നങ്ങളാണെങ്കിൽ അവ എന്താണെന്നും മോണോപ്പോൾ അല്ലാത്ത മറ്റ് പരിഹാര മാർഗ്ഗങ്ങൾ ഉണ്ടോയെന്നും അറിയിക്കാമോ;

(ഇ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസിന്റെയും 110 കെ.വി. പ്രസരണ ലൈനിന്റെയും സംയോജിപ്പിച്ച അലൈൻമെന്റ് ഡിസൈൻ ലഭ്യമാക്കാമോ; എവിടെയൊക്കെയാണ് പ്രസരണ ലൈൻ റോഡ് മുറിച്ച് കടക്കുന്നതെന്നും വ്യക്തമാക്കാമോ ?

## <u>സൗരോർജ്ജ പദ്ധതികൾ</u>

5370 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും എത്ര കിലോ വാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതി പ്രധാനമായും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സോളാർ വൈദ്യുതി</u>

5371 **ശ്രീ. യു.എ.ലത്തീഫ്**

**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നല്കുമോ; ഇതിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം വീടുകൾ,ഫ്ലാറ്റുകൾ ,വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ

എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിന് സോളാർ വൈദ്യുതോല്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന നിർബന്ധം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമ്പതു ലക്ഷം രൂപയിലധികം ചെലവു ചെയ്തു നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കും സോളാർ വൈദ്യുതോല്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി ചട്ടങ്ങളിൽ മാറ്റം വരുത്തുമോയെന്ന് വിശദീകരിക്കാമോ?

## വീടുകളിൽ സോളാർ പാനൽ

5372 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

## പുരപ്പുറ സൗരോർജ്ജ പ്ലാന്റ്

5373 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിലാണ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

5374 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതിയിൽ കൈവരിച്ച പുരോഗതി എന്തെന്നും വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

## സോളാർ വൈദ്യുത നിലയങ്ങൾ

5375 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ/സർക്കാർ ഉടമസ്ഥതയിൽ എത്ര സോളാർ വൈദ്യുത നിലയങ്ങൾ ഉണ്ടെന്നും ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി

5376 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## പാരമ്പര്യേതര ഊർജ്ജോല്പാദനവും പ്രചരണവും

5377 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിനും അതിന്റെ പ്രചരണത്തിനും അനർട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗൃഹോപകരണങ്ങളുടെ ഉല്പാദന, വിതരണത്തിൽ അനർട്ട് വഹിക്കുന്ന പങ്ക് എന്താണ്; ഇത്തരം ഗൃഹോപകരണങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ഏതാണ്; വിശദമാക്കുമോ;

(സി) സൗരോർജ്ജം ഉപയോഗിച്ചു പ്രവർത്തിക്കുന്ന എന്തെല്ലാം ഉല്പന്നങ്ങളാണ് ഇന്ന് വിപണിയിൽ ലഭ്യമായിട്ടുള്ളതെന്നും അവയുടെ ഉത്പാദന, വിപണനത്തിനായി എന്തെങ്കിലും ധനസഹായമോ സാങ്കേതിക സഹായമോ നവസംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

## വൈദ്യുതി വിതരണ മേഖലയിലെ സുരക്ഷാക്രമീകരണങ്ങൾ

5378 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാരിൽ ഏറെയും കരാർ ജീവനക്കാരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അപകടത്തിൽപെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിനു ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകൾ</u>**

5379 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷനുകളാണ് പ്രവർത്തിക്കുന്നത്; ഈ സെക്ഷനുകളിൽ ഓരോന്നിലും എത്ര കണക്ഷനുകളുണ്ട് എന്ന് അറിയിക്കാമോ;

(ബി) തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുമായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും സെക്ഷൻ വിഭജിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെങ്കിലും സെക്ഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ കൈവശം ഭൂമിയുള്ളത് എന്ന് അറിയിക്കാമോ?

**<u>ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജനം</u>**

5380 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തി രണ്ടായിരം ഉപഭോക്താക്കളുള്ള ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജിച്ച് പാലാ നിയോജക മണ്ഡലത്തിലെ കളത്തുക്കടവിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>വയനാട് ജില്ലയിലെ വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ</u>**

5381 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിനായി വാടക ഇനത്തിൽ എത്ര രൂപ ഒരു മാസം ചെലവഴിക്കുന്നുണ്ട് ;

(ബി) സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും ഇത്തരം ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്. ഇ. ബി. ഓഫീസുകൾ</u>**

5382 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ. എസ്. ഇ. ബി ഓഫീസുകളിൽ സ്വന്തമായി കെട്ടിടം ഉള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തം കെട്ടിടം ഇല്ലാത്ത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇത്തരത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മഞ്ചേശ്വരം മണ്ഡലത്തിൽ കെട്ടിടമില്ലാത്ത കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾക്ക് ഈ വർഷം തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ

5383 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ

5384 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി. പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷനനുകൾ സ്ഥാപിക്കുന്നതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് പുതിയ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കെ.എസ്.ഇ.ബി.യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകൾ

5385 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകളുടെ പ്രത്യേകത എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മണ്ഡലങ്ങളിലാണ് ജി.ഐ.എസ് സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത് ;ഇവ ഓരോന്നിനും കണക്കാക്കിയ ചെലവ് എത്ര വീതമാണെന്ന്

വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

5386 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.ഇ.ബി-യുടെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## പൂവാർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടി

5387 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരുങ്കുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയതിനുള്ള പരിഹാരം എന്ന നിലയിൽ പൂവാർ കെ. എസ്. ഇ. ബി 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ ഡി പി ആർ അംഗീകരിച്ചുണ്ടോ; ഇല്ലെങ്കിൽ ഡി പി ആർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മസ്ദൂർ തസ്തികയിലേയ്ക്കുള്ള നിയമനം

5388 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽ നിന്ന് മസ്ദൂർ തസ്തികയിലേയ്ക്കുള്ള അന്തിമ സീനിയോരിറ്റി പട്ടികയിൽ (കാറ്റഗറി നം. 63/2017) ഉൾപ്പെട്ടവരുടെ നിയമന വിശദാംശങ്ങൾ നൽകുമോ;

(ബി) ഇരുപത് വർഷത്തിലേറെയായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഇവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

## പമ്പ് ഹൗസുകളിലുണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റകുറച്ചിലുകൾ

5389 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലേക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പുഴക്കടവ്, തെറ്റിക്കുളം, മണമ്പൂർ, നാവായിക്കുളം, ഇടവ, കായൽപ്പുറം, പാലച്ചിറ തുടങ്ങിയ പമ്പ് ഹൗസുകളിൽ പലപ്പോഴും ഉണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകൾ, വെള്ളം പമ്പ് ചെയ്യുന്ന മോട്ടോറുകൾക്ക് തകരാർ

സംഭവിക്കുകയും ആയത് കുടിവെള്ള വിതരണത്തിന് തടസ്സം വരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പമ്പ് ഹൗസുകളിലേക്കുള്ള വൈദ്യുതിക്ക് തടസ്സം വരാത്ത തരത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുതി വിതരണരംഗം സ്വകാര്യവൽക്കരിക്കുന്ന നടപടി

5390 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദേശങ്ങളോട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ജനപ്രതിനിധികൾക്ക് ബാങ്ക് ഭരണ സമിതി അംഗമാകാൻ വിലക്ക്

5391 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികൾക്ക് അർബൻ സഹകരണ ബാങ്കുകളുടെ എം.ഡി., മുഴുവൻ സമയ ഡയറക്ടർ എന്നിവ ആകാൻ കഴിയില്ലെന്ന നിർദ്ദേശം/ഉത്തരവ് റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത് സംബന്ധിച്ച രേഖാമൂലമുള്ള ഉത്തരവ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ സംരംഭകത്വം

5392 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ

5393 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടു കെട്ടുന്നതിനും നഷ്ടം അവരിൽ നിന്നു തന്നെ ഈടാക്കുന്നതിനും നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സഹകരണ വിജിലൻസിന് അവർ കണ്ടെത്തുന്ന ക്രമക്കേടുകളിൽ ക്രിമിനൽ

നടപടി സ്വീകരിക്കാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഓഡിറ്റ് സമയബന്ധിതമാക്കാൻ നടപടി**

5394 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ന്യൂനതകൾ കണ്ടെത്തിയാൽ അത് പരിശോധിക്കാനും തുടർനടപടികൾ സ്വീകരിക്കാനും ഓഡിറ്റ് കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്താനും നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

**സഹകരണ ബാങ്കുകളിലെ മൂല്യനിർണയം**

5395 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുവാൻ മൂല്യനിർണയ ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ സ്വർണ്ണ ഉരുപ്പടികൾ പണയം വയ്ക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് വിദഗ്ധമായ പരിശോധനാ രീതിയില്ലാത്തത് തട്ടിപ്പുകൾ കൂടുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) സഹകരണ ബാങ്കുകളിൽ ഈട് വയ്ക്കുന്ന വസ്തുക്കളുടെ ആധാരങ്ങളും കരം തീർത്ത രസീതുകളും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**നിക്ഷേപ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

5396 **ശ്രീ പി സി വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ നിരന്തരം വായ്പ തട്ടിപ്പുകൾ നടക്കുന്നതായുള്ള വാർത്തകൾ സഹകരണ മേഖലയിലെ നിക്ഷേപത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കരുവന്നൂർ സഹകരണ ബാങ്കിലെ ഓഡിറ്റ് പരിശോധന

5397 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സഹകരണ ബാങ്കുകളിലും നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്കിൽ 01.01.2017 മുതൽ നാളിതുവരെ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെയും അതിന് മേൽനോട്ടം വഹിച്ചവരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ബാങ്കിൽ നടന്ന വായ്പ തട്ടിപ്പിൽ തിരിമറികൾ നടത്തിയ രേഖകൾ കാണാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; സഹകരണ രജിസ്ട്രാർ ഇതിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ബാങ്കിൽ ഓഡിറ്റിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഈ തട്ടിപ്പ് കണ്ടുപിടിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ബാങ്കിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സഹകരണ മേഖലയിലെ നിക്ഷേപം

5398 **ശ്രീ. എം. എം. മണി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വളർച്ചയിലും വികസനത്തിലും സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ വായ്പ അനുപാതം കുറയുന്നതും നിക്ഷേപം കെട്ടിക്കിടക്കുന്നതും സംഘങ്ങളെ നഷ്ടത്തിലേക്ക് നയിക്കുന്നതിനിടയാക്കുന്നതിനാൽ ഇത്തരം നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(സി) സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും നൽകുന്ന വായ്പയുടെ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ കഴിഞ്ഞാൽ കെട്ടിക്കിടക്കുന്ന നിക്ഷേപങ്ങൾ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന സാമ്പത്തിക വിദഗ്ദരുടെ അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ

5399 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; നിലവിലെ ഓഡിറ്റ് സംവിധാനത്തിലെ പോരായ്മകൾ പരിശോധന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) സഹകരണ ബാങ്കുകളിലെ ഓഡിറ്റുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ കരുവന്നൂർ ബാങ്കിലേതിന് സമാനമായ ക്രമക്കേടുകൾ കണ്ടെത്തിയ ബാങ്കുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>സഹകരണ സ്ഥാപനങ്ങളുടെ ആധുനികീകരണം</u>**

5400 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിയമം പരിഷ്കരിക്കുന്നതടക്കം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനികീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കോർ ബാങ്കിങ്ങിന്റെ ഭാഗമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സഹകരണ പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കോവിഡ് മഹാമാരി, ഓണാഘോഷം എന്നിവയുടെ പശ്ചാത്തലത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ, സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>അമിത പലിശ ഈടാക്കൽ</u>**

5401 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് അമിതപലിശ ഈടാക്കുന്നതായുള്ള ആക്ഷേപം ഗൗരവമായി കണ്ട് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**<u>കേരള ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം</u>**

5402 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിച്ച പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെയും കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ ഒരു പൊതു പ്ലാറ്റ്ഫോമിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇല്ലെങ്കിൽ അടിയന്തരമായി കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള ബാങ്കിലെ ഒഴിവുകൾ നികത്താൻ നടപടി

5403 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ്

5404 **ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. കെ. പി. എ. മജീദ്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ് നടക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം തട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുന്നവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ രീതിയിലുള്ള തട്ടിപ്പുകൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

## ബാങ്കിംഗ് റഗുലേഷൻ ആക്ട് ഭേദഗതി

5405 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ ഭേദഗതിയെത്തുടർന്ന് സഹകരണ ജനാധിപത്യം നഷ്ടപ്പെടുന്ന രീതിയിൽ കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളുടെ മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നടപ്പിലാക്കുന്ന പുതിയ നിയന്ത്രണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനം

5406 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നയങ്ങൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ

നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനോമലികൾ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

5407 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് 2019-ൽ സഹകരണ വകുപ്പ് മന്ത്രിക്ക് പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ തട്ടിപ്പിനെക്കുറിച്ച് 2019 -ൽ പരാതി ലഭിച്ചിട്ടും നടപടിയെടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

## കരുവന്നൂർ സഹകരണ ബാങ്കിലെ അഴിമതി

5408 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 16.01.2019-ലെ ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ അഴിമതി കണ്ടെത്തിയിരുന്നോ; എങ്കിൽ ഈ കാര്യത്തിൽ 2021 ജൂൺ വരെ എന്തൊക്കെ തുടർ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

## കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

5409 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഇരുന്നൂറ് കോടി രൂപയുടെ അഴിമതി കണ്ടെത്തിയതായി മുൻ സഹകരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ 2021 ജൂൺ വരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## കേരളത്തിന് നബാർഡിൽ നിന്നും ലഭിച്ച തുക

5410 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം സഹകരണ വകുപ്പിന്റെ എതെല്ലാം പദ്ധതികൾക്കായി നബാർഡിൽ നിന്നും എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നിയമം പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളെ ഏതെല്ലാം തരത്തിലാണ് ബാധിക്കുക എന്ന് വിശദമാക്കാമോ?

## കരുവന്നൂർ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്

5411 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ മനപൂർവം വീഴ്ച വരുത്തിയാൽ കർശന നടപടി എടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമ ഭേദഗതി വരുത്താൻ തയ്യാറാകുമോ?

## <u>പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ കുടിശ്ശിക</u>

5412 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ളതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരിച്ചു നല്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭീമമായ വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള കോവിഡ് സാഹചര്യത്തിലെ നിയന്ത്രണങ്ങൾ നീക്കുമോയെന്നും വായ്പയുടെ പലിശ നിരക്കിൽ ഇളവ് നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുമോയെന്നും വ്യക്തമാക്കാമോ ?

## <u>അക്കൗണ്ടിംഗ് സുതാര്യമാക്കാൻ നടപടി</u>

5413 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി അക്കൗണ്ടിംഗ് സുതാര്യവും കുറ്റമറ്റതുമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ചാവക്കാട് ഫർക്ക റൂറൽ ബാങ്കിലെ അഴിമതി</u>

5414 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഫർക്ക കോപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതി ആരോപണത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട്

പോലീസ് വിജിലൻസ് കേസ് എടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;സഹകരണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## മുഗു സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ

5415 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുഗു സഹകരണ ബാങ്കിലെ പണമിടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ; ഇതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഉത്തരവാദികളായവർക്കെതിരെ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികൾ

5416 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകൾ എന്ന വ്യാജേന ചിട്ടികൾ നടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(സി) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്. , ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറുണ്ടോ;

(ഡി) ഇത്തരം സ്കീമുകൾ നടത്തുന്നതിന് സർക്കുലറുകൾ പുറപ്പെടുവിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ?

## യുവ സഹകരണ സംഘം പദ്ധതി

5417 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സഹകരണ സംഘം എന്ന പദ്ധതി നടപ്പാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും രൂപീകരണ മാനദണ്ഡങ്ങളെ കുറിച്ചും വിശദമാക്കാമോ;

(സി) ഏതെങ്കിലും സഹകരണ സംഘങ്ങൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

## കാർഷിക സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ

5418 **ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സഹകരണ സംഘങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ**

5419 **ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഇപ്പോൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സമയത്ത് ഗ്രാമീണ മേഖലയിൽ കൂടുതൽ ആളുകൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ സഹകരണ മേഖലയിൽ നിന്നും കൂടുതൽ വായ്പ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ വിദ്യാ തരംഗിണി പദ്ധതി**

5420 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി വായ്പാ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വായ്പകളുടെയും തുകയുടെയും വിശദാംശം നൽകാമോ?

**സഹകരണ വായ്പ തിരിച്ചടവ്**

5421 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും കേരള ബാങ്കിൽ നിന്നും വായ്പയെടുത്തവർ നിര്യാതരായാൽ പ്രസ്തുത ലോൺ ക്ലോസ് ചെയ്യുന്നതിനായി ടിയാളുടെ അവകാശികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ളവരിൽ മാരക രോഗം ബാധിച്ചവർക്ക് ലോൺ തിരിച്ചടവിന് എന്തെങ്കിലും ഇളവുകൾ നൽകുന്നുണ്ടോ; ആയതിന്റെ വിവരം അറിയിക്കാമോ?

**കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി വായ്പ**

5422 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കൂടുതൽ വായ്പ വിതരണം ചെയ്യുന്നതിന് വായ്പ നിബന്ധനകൾ ഭേദഗതി ചെയ്യുമോ; വിശദാംശം നൽകുമോ?

**<u>വായ്പ തിരിച്ചടവിന് മൊറട്ടോറിയം</u>**

5423 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം കോവിഡ് വ്യാപന സമയത്ത് കേന്ദ്ര സർക്കാർ പൊതുമേഖല/വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർക്ക് തിരിച്ചടവിന് പ്രഖ്യാപിച്ച മൊറട്ടോറിയം സംസ്ഥാനത്തെ പ്രഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്ക് പലിശ ഇളവ് ചെയ്ത് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പലിശ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ സംഘങ്ങൾക്ക് ഉണ്ടാകുന്ന പലിശ നഷ്ടം എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത്?

**<u>റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ</u>**

5424 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക രോഗങ്ങൾ ബാധിച്ച മരിക്കുന്നവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത</u>**

5425 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ പെൻഷൻകാർക്ക് ജീവിത നിലവാര സൂചികയ്ക്ക് ആനുപാതികമായി ക്ഷാമബത്ത അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ?

**<u>സഹകരണ റിക്രൂട്ട്മെന്റ് ബോർഡ്</u>**

5426 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഒഴിവുകൾ നികത്തുന്നതിന് രൂപം കൊടുത്ത റിക്രൂട്ട്മെന്റ് ബോർഡ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന രീതി വിശദമാക്കാമോ;

(ബി) റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ റേഷ്യോ

നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ്;

(സി) ബാങ്ക് ഭരണ സമിതികൾക്ക് ഏതൊക്കെ തസ്തികകളിലേയ്ക്കാണ് പരീക്ഷ/ഇന്റർവ്യൂ നടത്തി നേരിട്ട് നിയമിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ?

## ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരണം

5427 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിലുള്ള ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാത്തതിനാൽ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് മൂലം സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത കാലത്ത് സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടന്ന തട്ടിപ്പുകൾക്ക് കാരണം ശരിയായ രീതിയിൽ ഓഡിറ്റ് നടത്താത്തതുകൊണ്ടാണോ എന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിന് പ്രസ്തുത മേഖലയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഓഡിറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുമോ; അറിയിക്കുമോ?

## സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

5428 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ഡോ. എം.കെ . മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ വിശദമായി പരിശോധിക്കുന്നതിന് പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന് കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ; അറിയിക്കാമോ;

(ബി) ഇതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ ബാങ്കുകളിൽ വ്യാപകമായി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

## സഹകരണ വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി

5429 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ വായ്പ തട്ടിപ്പ് തടയുന്നതിന് സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നിക്ഷേപകർ അകലുന്നത് തടയാൻ നടപടി

5430 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാത്തതിനാൽ നിക്ഷേപകർ സഹകരണ മേഖലയിൽ നിന്ന് അകന്ന് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലെ തടസ്സം

5431 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള പരിമിതികൾ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് തടസ്സമാകുന്നതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം

5432 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

## കേരള രജിസ്ട്രേഷൻ മാന്വവൽ പരിഷ്കരണം

5433 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷൻ മാന്വവൽ കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ;

(ബി) വിദഗ്ധ സമിതിയെ നിയമിച്ച് വിശദമായ പഠനം നടത്തി കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് കുറ്റമറ്റ രീതിയിൽ ഇത് നടപ്പിലാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

5434 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിന് നിയമവകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണുള്ളത്;

(സി) പ്രസ്തുത പ്രൊപ്പോസലിൽ തീരുമാനം എടുക്കുന്നതിൽ നിലവിൽ നിയമതടസ്സം ഉണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും?

## ആധാർ അധിഷ്ഠിത ബയോമെട്രിക്ക് വെരിഫിക്കേഷൻ

5435 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾമാറാട്ടം, വ്യാജ ആധാരം എന്നിവ തടയുന്നതിനായി പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ; വ്യക്തമാക്കാമോ?

## നിലമ്പൂർ കെ.എ.ആർ.ഡി. സൊസൈറ്റി

5436 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല രജിസ്ട്രാർ ഓഫീസിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം നിലമ്പൂർ കേന്ദ്രമായി കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പമെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് രജിസ്റ്റർ ചെയ്തതെന്നും അനുവദിച്ച രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്ത സമയത്ത് സമർപ്പിച്ച നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഓഫീസ് വിലാസവും ഭരണസമിതി അംഗങ്ങളുടെയും ഭാരവാഹികളുടെയും പട്ടികയുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പുതുക്കി വരുന്നതാണോയെന്നും നിലവിൽ രജിസ്ട്രേഷൻ ഉണ്ടോയെന്നും അറിയിക്കുമോ;

(സി) ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കംപ്യൂട്ടർ സ്ഥാപനവും 'കൂടെ' എന്ന പുനരധിവാസ കേന്ദ്രവും പ്രസ്തുത സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതാണോ; ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യക്കുമോയെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓഡിറ്റ് ചെയ്ത വരവ് - ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ഇ) ഈ സൊസൈറ്റിയുടെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നാണ് രജിസ്ട്രേഷൻ വകുപ്പിൽ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) കംപ്യൂട്ടർ സെന്റർ, പുനരധിവാസ കേന്ദ്രം എന്നിവ നടത്തിയിരുന്നത് എവിടെ

നിന്നൊക്കെ ധനസമാഹരണം നടത്തിയാണെന്നും ഏതെങ്കിലും ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ പ്രസ്തുത സൊസൈറ്റി ഏതെങ്കിലും സമയത്ത് വായ്പ എടുത്തിരുന്നോയെന്നും എത്ര തുകയെന്നും എന്നാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിവരങ്ങൾ മലപ്പുറം രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ;

(ജി) പ്രസ്തുത സംഘത്തെകുറിച്ച് എന്തെങ്കിലും പരാതികൾ മലപ്പുറം ജില്ല രജിസ്ട്രാർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്മാർട്ട് കോൺട്രാക്ട് പദ്ധതി

5437 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട് കോൺട്രാക്ട് പദ്ധതി വിജയകരമാണോ; പദ്ധതി പുരോഗതി വ്യക്തമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

5438 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതിയ കാലം പുതിയ സേവനം എന്ന ആശയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഓൺലൈൻ ആധാര രജിസ്ട്രേഷൻ, ഇ-സ്റ്റാമ്പിംഗ്, ആധാര പകർപ്പുകൾ തയ്യാറാക്കുന്നതിനായി ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾക്ക് ഫീസ് ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## രജിസ്ട്രേഷൻ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

5439 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാക്കുന്ന എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രോപ്പർട്ടി രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കണക്ടിവിറ്റി മെച്ചപ്പെടുത്താൻ കെ-ഫോൺ

5440 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ കണക്ടിവിറ്റി തകരാർ കാരണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കണക്ടിവിറ്റി തകരാർ മൂലം സേവനം തടസ്സപ്പെടുന്നത് ഒഴിവാക്കാനായി ഓഫീസുകളെ കെ-ഫോൺ മുഖേന ബന്ധിപ്പിക്കുന്നതിന് മുൻഗണന നൽകുമോ;

(സി) രജിസ്ട്രേഷൻ വകുപ്പ് ഏതൊക്കെ സേവനങ്ങളാണ് ഇപ്പോൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നത്;

(ഡി) ഡിജിറ്റൈസ് ചെയ്ത ആധാര പകർപ്പുകൾക്കായി അപേക്ഷിക്കുന്നവർക്ക് ആയത് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പേൾ സോഫ്റ്റ് വെയർ</u>

5441 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് നിലവിൽ ഉപയോഗിച്ച് വരുന്ന പേൾ സോഫ്റ്റ് വെയർ പലപ്പോഴും തകരാറിലാകുന്നതുമൂലം രജിസ്ട്രേഷൻ നടപടികളിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പേൾ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ വിരലടയാളം പതിക്കാൻ കഴിയുന്നതരത്തിലുള്ള ആധുനികരീതി ഉൾക്കൊള്ളുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സർട്ടിഫൈഡ് ആധാരങ്ങളുടെ പകർപ്പ് ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) അസ്സൽ ആധാരങ്ങളുടെ പകർപ്പ് ഫോട്ടോസഹിതം സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള സാങ്കേതികവിദ്യ നിലവിലെ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാമോ?

## <u>ആധാരം എഴുത്തുകാരുടെ ഫീസ്</u>

5442 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളിൽ നിന്നും ആധാരം എഴുത്തുകാർ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അന്യായം ഒഴിവാക്കാനായി സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള സൗകര്യം നിലവിൽ വന്നത് മുതൽ ഈ സംവിധാനം ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തിയ എത്ര പേർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന രീതിയിൽ പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ കൂടുതൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) null

## വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

5443 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ മോശപ്പെട്ട അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസിന് പിറകിൽ വർഷങ്ങളായി നിർമ്മാണം പാതിവഴിയിലായ കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

## ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന നടപടി

5444 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ; പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

5445 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം

5446 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയെല്ലാം സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

5447 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 05-08-2021
എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].